T 62
M 31

62
31



# ത്യാഗബലി.”

## (ഒരു നാടകം.)

ർഗ്ഗീസ് ജെ. മാളിയേയ്ക്കൽ.
ആലപ്പുഴ.

# ത്യാഗബലി

(ഒരു നാടകം)

T 62
ന 31

DHARMARAM COLLEGE LIBRARY, BANGALORE.
2473

വർഗ്ഗീസ് ജെ. മാളിയേയ്ക്കൽ

ആലപ്പുഴ.

nted at the St. Joseph's Press, Mannanam.
1952.

# ത്യാഗബലി

## കഥാപാത്രങ്ങൾ

1. ജസ്റ്റിസ്സ് മാനേഴ്സ്– മെക്സിക്കോയിലെ ജഡ്ജി.
2. ജെയിംസ്– ജഡ്ജിയുടെ മകൻ.
3. ജിൻ– ,, ഭൃത്യൻ.
4. ജയിൽപ്പുള്ളി.
5. കാലസ്സ്– മെക്സിക്കോയിലെ ഭരണാധിപൻ.
6. വില്യം– കാലസ്സിൻെറ മകൻ.
7. കാരൻസാ– ,, പ്രധാനോദ്യോഗസ്ഥൻ.
8. ഇൻസ്പെക്ടർ. (മെക്സിക്കോയിലെ പോലീസ്)
9. 10. { രണ്ടു പോലീസ്സുകാർ. ( ,, ,, )

---

## കഥ നടക്കുന്ന രംഗം

മെക്സിക്കോയിൽ കാലസ്സിൻെറ ഭരണത്തിൻകീഴുള്ള പ്രദേശം.

# ത്യാഗബലി

## രംഗം 1.

(ഒരു വഴി. കാലസിൻെറ മകൻ വില്യം കൈയിൽ ഒരു ഹോക്കി വടിയുമായി കളിക്കാൻ ആരെയോ കാത്തു നില്ക്കുന്നു. അസ്വസ്ഥനെന്നോണം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

വില്യം:— ഛെ. എത്രനേരമായി ഈ കാത്തുനില്പു തുടങ്ങിയിട്ടു ഇപ്പോൾ കൂട്ടുകാരെല്ലാം വന്ന് കാത്തിരിക്കുന്നുണ്ടായിരിക്കും. (സമയം നോക്കിയിട്ട്) മണി അഞ്ചര കഴിഞ്ഞിട്ടും കാണുന്നില്ലല്ലൊ. ഇങ്ങനെയും ഒരു വാക്കിനു സ്ഥിരതയില്ലാത്തവനുണ്ടോ? കഷ്ടം തന്നെ.

ജെയിംസ്:— (ഒരു ഹോക്കിവടി കൈയിൽ പിടിച്ചുകൊണ്ടു പ്രവേശിക്കുന്നു. പുഞ്ചിരിച്ച് ക്ഷമാപണ രൂപത്തിൽ) മി. വില്യം! ഞാൻ അല്പം താമസിച്ചുപോയി, അല്ലേ? നിങ്ങൾ മുഷിഞ്ഞിരിക്കും.

വില്യം:— എങ്ങനെ മുഷിയാതിരിക്കും? അഞ്ചു മിനിട്ടിനകം വരുമെന്നും പറഞ്ഞു പോയതല്ലേ? എന്തായിരുന്നു ഇത്ര വളരെ താമസത്തിനു കാരണം?

ജെയിം:— ഞാൻ കുറച്ചുസമയം പള്ളിയിലായിരുന്നു.

വില്യം:— പള്ളിയിലോ? മ്? അവിടെ എന്താ വിശേഷം?

ജെയിം:— ഇന്നു ക്രിസ്തുരാജൻെറ തിരുനാളിനു മുൻപുള്ള ത്രിദിനാപേക്ഷയും വാഴ്വും ആരംഭിക്കുകയായിരുന്നു. ഞാൻ വീട്ടിൽ ചെന്നു കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് പള്ളിയിൽ മണിയടിച്ചതു്. അപ്പോഴേ ഞാൻ അക്കാര്യം ഓർത്തുള്ളു.

വില്യം:— എങ്കിലും ഞാനിവിടെ കാത്തുനില്ക്കുന്ന കാര്യം മറന്നു കളഞ്ഞു അല്ലേ?

ജെയിം:- അങ്ങനെയല്ല. താങ്കളും പള്ളിയിൽ കാണുമെന്നു ഞാൻ പ്രതീക്ഷിച്ചു. അത്രമാത്രം.

വില്യം:- (പുച്ഛരസത്തിൽ) എന്നെ പള്ളിയിൽ പ്രതീക്ഷിക്കുകയോ? ഛെ, ഛെ, ഞാൻ അത്ര മഠയനാണെന്നു വിചാരിച്ചുകളഞ്ഞോ?

ജെയിം:- (അതിശയഭാവത്തിൽ) മി. വില്യം! നിങ്ങൾ തന്നെയാണോ ഈ സംസാരിക്കുന്നതെന്നുപോലും ഞാൻ ശങ്കിച്ചുപോകുന്നു.

വില്യം:- വേണ്ട. ശങ്കയൊന്നും വേണ്ട. മെക്സിക്കോയുടെ സർവ്വാധിപതിയായി പേരും പെരുമയും പെററ കാംലസിന്റെ മകൻ വില്യം തന്നെയാണ് നിങ്ങളുടെ മുൻപിൽനിന്ന് ഈ സംസാരിക്കുന്നതു്. നിങ്ങൾ ഇത്രയും പറഞ്ഞതുകൊണ്ടു് ഇതുവരെ നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ഒരു പരമാർത്ഥം ഞാൻ ഇന്നു നിങ്ങളെ അറിയിക്കാം. കാലസ്സ്, മതത്തേയും ദൈവാസ്തിക്യത്തേയും കട പിഴുതു കളയുവാൻ കരുതിക്കൂട്ടി പ്രവർത്തിച്ചുവരുന്നെങ്കിൽ, അദ്ദേഹത്തിനു സർവ്വഥാ അനുരൂപനായ ഈ മകനും ആ അഭിപ്രായഗതിയെത്തന്നെ അവലംബിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു്.

ജെയിം:- വാസ്തവത്തിൽ ഞാൻ ഇതു് നിങ്ങളിൽനിന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല.

വില്യം:- എന്തു്? നിങ്ങൾക്ക് എന്താണ് അപ്രതീക്ഷിതമായിട്ടുള്ളതു്?

ജെയിം:- നിങ്ങളും ഒരു നാസ്തികനും, മതദ്വേഷിയും ആണെന്ന് അറിയുന്നതുതന്നെ.

വില്യം:- കൊള്ളാം. കൊള്ളാം. എന്തൊരു ദൈവം? എന്തൊരു മതം? നിങ്ങൾ ഈ നൂററാണ്ടിൽ ജീവിച്ചിരിക്കാൻ ഒരു വിധത്തിലും പററിയ ഒരു ജീവിയല്ല മി. ജെയിംസ്!

ജെയിം:- എന്തുകൊണ്ടു്?

വില്യം:- ഞാൻ ചോദിക്കട്ടെ. നിങ്ങൾ ദൈവത്തെ കണ്ടിട്ടുണ്ടോ? എങ്കിൽ പറയാം ദൈവം ഉണ്ടെന്ന്.

ജെയിം:- സ്നേഹിതാ! നാം എല്ലാക്കാര്യങ്ങളും നമ്മുടെ ഈ മാംസക്കണ്ണുകൾകൊണ്ടു് കണ്ടു തന്നെയാണോ വിശ്വസിച്ചുവരുന്നതു്? നമുക്ക് ബുദ്ധിയും, ആലോചനാശക്തിയും, വിവേചനാബോധവും ഉണ്ടല്ലൊ. ബുദ്ധിയിൽ എത്തുപെടുന്നു കാര്യങ്ങ

ളേക്കറിച്ച് അലോചിച്ച്, കാൎയ്യാകാൎയ്യങ്ങളെ വിവേചിച്ചറിയുന്ന തിന് ഒരുത്തൻെറ സഹായമോ?

വില്യം:— എനിക്കു് ആലോചിക്കാൻ ഒരു വിഷയം പറ ഞ്ഞുതന്നതു നോക്കണം! വേറെ സാരതരങ്ങളായ ഒരു നൂറുനൂറാ യിരം കാൎയ്യങ്ങൾ കിടക്കുന്നു. തന്നെയുമല്ല, എൻെറ പിതാവ് മുലപ്പാലോടുകൂടി എന്നെ ഉറച്ചു വിശ്വസിപ്പിച്ചിട്ടുള്ള പഠനങ്ങ ളിൽ നിന്ന് അശേഷം ഇളകുവാൻ ഈ ജന്മത്തിൽ സാദ്ധ്യവുമ ല്ല. ജെയിംസ്! നിങ്ങൾ എന്നെ വാദപ്രതിവാദംകൊണ്ടു മാന സാന്തരപ്പെടുത്താൻ ശ്രമിക്കുകയാണെന്നു തോന്നുന്നല്ലോ.

ജെയിം:— ലോകത്തിൽ പരിപൂൎണ്ണനായി ഒരു മനുഷ്യനു മില്ലംതിരിച്ചു, വിശ്വമഹാന്മാരെന്നു പേരെടുത്തവർ പലരും തെററിന് അധീനരായിരിക്കെ— താങ്കളുടെ ബഹുമാന്യനായ പി താവിന് തെററു പററിക്കൂടെന്നുണ്ടോ?

വില്യം:— ജെയിംസ്! ഓൎത്തു സംസാരിക്കണം. നി ങ്ങൾ ആരെപ്പററിയാണ് ഈ കററാരോപണങ്ങൾ ചെയ്യുന്നതെ ന്നു ചിന്തിക്കുന്നുണ്ടോ? ലോകം മുഴുവൻ പഞ്ചപുഛമടക്കി ഭയ ഭക്തിബഹുമാന പുരസ്സരം ആദരിച്ചുവരുന്ന എൻെറ പ്രിയ പി താവിനെക്കുറിച്ചുള്ള നിങ്ങളുടെ ഈ ജല്പനങ്ങളെ അതർഹിക്കു ന്ന അവജ്ഞയോടെ ഞാൻ എതിൎക്കുകതന്നെ ചെയ്യുന്നു.

ജെയിം:— പ്രിയ വില്യം! താങ്കൾ കോപിക്കാതിരിക്കു. (കൈയിലെ റിസ്ററുവാച്ചു കാണിച്ചു) സ്നേഹിതാ! ഇതാ— ഈ റിസ്ററുവാച്ച് നിങ്ങൾ കാണുന്നുണ്ടല്ലോ. ഇതു താനെ ഉണ്ടാ യതാണെന്ന് താങ്കൾ പോലും പറയുകയില്ലല്ലോ. അങ്ങനെ യെങ്കിൽ ഈ പ്രപഞ്ചത്തിനും അതിലുൾപ്പെട്ട സകല ചരാച രങ്ങൾക്കും കാരണനായ ഒരു ശക്തിയുണ്ടെന്ന് അതിനാൽ ത ന്നെ നമുക്കു തീരുമാനിച്ചുകൂടെയോ?

വില്യം:— (ചൊടിച്ച്) നിങ്ങളുടെ ഈ മുടന്തൻ ന്യാ യങ്ങളൊന്നും കേട്ടു നില്ക്കുന്നതിന് എനിക്കു സമയമില്ല. പണ്ടെ തന്നെ കളി തുടങ്ങിക്കാണും.

ജെയിം:— (വീണ്ടും കുറേക്കൂടി പ്രശാന്തനായി) സ്നേഹി താ! ഒരു വാക്കുകൂടി. ക്രിസ്തുവിന് 150 സംവത്സരങ്ങൾക്കു മുൻ പ് ജീവിച്ചിരുന്ന മഹാനായ പ്ളൂട്ടാൎക്ക് പറയുന്നു, "നിങ്ങൾ ലോകം ആസകലം സഞ്ചരിക്കുക. കോട്ടകളോ രാജാക്കളോ ഇ ല്ലാത്ത നഗരം നിങ്ങൾ കണ്ടെന്നുവരും. ഗൃഹം, ധനം, ഐ

ശപ്ഥം എന്നിവയെക്കുറിച്ച് കേട്ടുകേൾവിപോലും ഇല്ലാത്ത കാട്ടാളജാതിക്കാരെ നിങ്ങൾ കണ്ടെത്തിയേക്കാം. നാടകശാലകളോ, കായികാഭ്യാസ കളരികളോ ഇല്ലാത്ത പട്ടണങ്ങളെയും നിങ്ങൾ കാണും. എന്നാൽ, ദേവന്മാരും ദേവാലയങ്ങളുമില്ലാത്തതും, അനുഗ്രഹ ലബ്ധിക്കായും പാപമോചനത്തിനായും നേർച്ചകളും പ്രാത്ഥനകളും ബലികളും അപ്പിക്കപ്പെടാത്തതുമായ ഒരു നഗരത്തേയോ, ജാതിയേയൊ കാണുകയില്ല. ജഗൽപ്രസിദ്ധനായ സീസറൊ പ്രസ്താവിക്കുന്നത്, ദൈവം ഏതുരീതിയിലുള്ള ആളാണെന്ന് അറിവില്ലെങ്കിലും ദൈവം ഉണ്ടെന്നു അറിയാൻ പാടില്ലാത്ത വിധം അത്ര അപരിഷ്കൃതരായ ഒരു ജനസമൂഹവുമില്ലെന്നാണ്."

വില്യം:– (ക്രുദ്ധനായി) ഛീ! നീ എന്തു പറഞ്ഞു? അപരിഷ്കൃത ജനസമൂഹമെന്നോ? ഞാനും എന്റെ പിതാവും ഞങ്ങളുടെ അനുയായികളും അപരിഷ്കൃതരെന്നോ? നീ നിന്നെത്തന്നെ മറന്നു സംസാരിച്ചുപോകുന്നു. മതഭ്രാന്തൻ! ഇതിനു നിന്നെയും നിന്റെ പിതാവിനേയും ഞാൻ നല്ല പാഠം പഠിപ്പിക്കുന്നുണ്ട്. ഞാൻ മെക്സിക്കോയിലെ ഭരണസാരഥി, കാലസിന്റെ മകൻ വില്യം ആണെങ്കിൽ നിങ്ങളോട്ട് ഇതിനു പകരം ചോദിക്കുന്നുണ്ട്.

ജെയിം:– (സാന്ത്വനഭാവത്തിൽ) പ്രാണമിത്രമേ! വില്യം! നിങ്ങൾ ക്ഷോഭിക്കാതിരിക്കണം. ഞാൻ നിങ്ങളെ ആരെയും വേദനിപ്പിക്കുവാൻ കരുതിക്കൂട്ടി ഒന്നും പറയുന്നതല്ല. കേവലം കാര്യങ്ങൾ പറഞ്ഞു എന്നുമാത്രം. അയതു് താങ്കൾക്കു ഹൃദയവേദനക്കു കാരണമാക്കിയെങ്കിൽ ഹൃദയംഗമമായി മാപ്പപേക്ഷിച്ചുകൊള്ളുന്നു. ക്ഷമിക്കൂ വില്യം!(കെട്ടിപ്പിടിക്കാൻ ഭാവിക്കുന്നു.)

വില്യം:– (കൈകുതറി) ഫോ! ദൂരെ. ക്ഷമ, മാപ്പ്! ഇനി നിന്റെ കൂട്ടുകെട്ടേ എനിക്കാവശ്യമില്ല. നീയും, നിന്റെ പിതാവും, നിങ്ങളുടെ ദൈവവും. (ക്രുദ്ധനായിപ്പോകുന്നു.)

ജെയിം:– കഷ്ടം. ഇന്നുവരെ എന്നോടൊന്നിച്ച് ഒരു കുഴിയിൽ ചാകാൻ തയാറായി നടന്ന എന്റെ ഉററ തോഴൻ– തെററായ പരിശീലനത്തിന്റെ ഫലമായി ഒരു മതദ്വേഷിയും നാസ്തികനും ആയിത്തീരുന്ന കാഴ്ച. ഹാ! ദൈവമേ! അവക്കു നേരായമാർഗ്ഗം കാണിച്ചു കൊടുക്കണമേ! (പാട്ട്.)

കർട്ടൻ.

## രംഗം 2.

ജീൻ:— (വെറുപ്പോടെ) ഒരു ഫർണിച്ചറും ഇട്ടേക്കുന്നിടത്തു കിടക്കുകേലാ. മേശ ഇടേണ്ടിടത്തു കസേര, കസേര ഇടേണ്ടടത്തു മേശ— ഞാൻ പറഞ്ഞില്ലേ ഒരു അറേഞ്ചുമില്ല. മെക്സിക്കോയിലെ വില്യം ജഡ്ജിമേൻറദ്ദേഹത്തിൻെറ വീടാണെന്നു അറിയേണ്ടേ? പറഞ്ഞു പറഞ്ഞു എനിക്കു തന്നെ പൊറുതിമുട്ടിയിരിക്കയാണ്. ആറു നോററാണ് ഒരു മകനുണ്ടായതു്. അങ്ങേരാണെങ്കിൽ പിതാവിനോടു പത്തരമാററാ. രണ്ടുപേക്കും എപ്പോഴും പ്രാത്ഥനയും ഉപവാസവും മാത്രമേയുള്ളു. ധമ്മം കൊടുത്താണെങ്കിൽ തോററു. ഈ പോക്കു പോയാൽ തറവാടു കുടുംബമാകുകയെ തരമുള്ളു. (ഒരു വശത്തേക്കു തിരിഞ്ഞുനോക്കിയിട്ടു ജെയിംസ് വരുന്നതായി കാണുന്നതുപോലെ ഭാവിക്കുന്നു.)

ജീൻ:— കൊച്ചങ്ങുന്നു ഇന്നു വളരെ നേരത്തെ തന്നെ വരുന്നുണ്ടല്ലോ. ഇന്നു കളിക്കാനൊന്നും പോയിക്കാണുകേലെന്നാ തോന്നുന്നതു്. (നോക്കിനില്ക്കുന്നു.) ജെയിംസ് ചിന്താവ്യഗ്രതയോടെ പ്രവേശിക്കുന്നു.

ജീൻ:— എന്താ കൊച്ചങ്ങുന്നേ ഒരു വല്ലായിമ.

ജെയിം:— വല്ലായ്മയൊന്നുമില്ല. നീ പോയി കുറച്ചു വെള്ളം കൊണ്ടുവരു. (ഇരിക്കുന്നു.)

ജീൻ:— കുടിക്കാനാണോ കൊച്ചങ്ങുന്നെ?

ജെയിം:— അതെയതെ, കുടിപ്പാൻ (ജീൻ പോയി ഒരു സാധാരണ കപ്പിൽ വെള്ളംകൊണ്ടുവരുന്നു.) (ജെയിംസ് പാത്രം വാങ്ങി അല്പം വെള്ളം കുടിച്ചശേഷം) വെള്ളമെടുക്കാൻ ഉപയോഗിക്കുന്ന ആ വെള്ളി കപ്പു് എവിടെ ജീൻ!

ജീൻ:— അതു് ...... അതു് ......

ജെയിം:— അതു്? മ്? എന്താ നീ മുഴുവൻ പറയാത്തതു്?

ജീൻ:— അതു് ···അതു് എന്നേ വിററുപോയികൊച്ചങ്ങുന്നെ?

ജെയിം:— ആരു വിററു? എപ്പോൾ?

ജീൻ:— കൊച്ചങ്ങുന്നു ഇവിടെ ഇല്ലായിരുന്നപ്പോഴാണ് ആ വെള്ളിക്കപ്പുകൾ എടുത്തോണ്ടു് ചെല്ലാൻ വല്യങ്ങുന്നു പറഞ്ഞു, ഞാൻ കൊണ്ടു കൊടുത്തു.

ജെയിം:— എന്നിട്ട്?

ജീൻ:— അദ്ദേഹം അതു ആ മോൺഷ്യർ ഗേർവാസ്സിന്നു കൊടുത്തു.

ജെയിം:— എന്തു വിലയ്ക്കാണെന്നറിയാമോ?

ജീൻ:— എന്തോ— നല്ല വിലകിട്ടി എന്നുമാത്രം അറിയാം. ആ മിസ്സിസ് ഗ്രീൻഫോറില്ലെ കൊച്ചങ്ങുന്നെ, ആ കുന്നിൻപുറത്തുതാമസിക്കുന്ന ആ വൃദ്ധ. യാതൊരു ജോലിയ്ക്കും പോകാതെ മടി പിടിച്ചിരിക്കുന്ന അവൾക്കു വല്ലവരും പണം കൊടുക്കുമോ?

ജെയിം:— അവൾക്കില്ലാഞ്ഞിട്ടായിരിക്കുമല്ലോ ജീൻ, അപ്പച്ചൻ അങ്ങനെ ചെയ്യുന്നത്.

ജീൻ:— ഇല്ലാത്തവരെയൊക്കെ സഹായിക്കാൻ നമ്മളെന്തോന്നാ വല്ല ബേങ്കോ മററൊ ആണോ കൊച്ചങ്ങുന്നേ?

ജെയിം:— നിനക്കറിയാമോ അവൾക്കാപണം എന്തിനായിരുന്നെന്ന്?

ജീൻ:— അവൾക്കു വീട്ടുവാടക കൊടുക്കാൻ വേണ്ടിയായിരുന്നു. വീട്ടുവാടകകൊടുക്കാൻ, അല്ല അവരു താമസിക്കുന്നതിന് നമ്മൾ ആണോ കൊച്ചങ്ങുന്നെ വാടകകൊടുക്കേണ്ടത്?

ജെയിം:— പക്ഷികൾക്ക് കൂട്ടുകളും കുറുനരികൾക്ക് അവയുടെ മാളങ്ങളും ഉണ്ടായിരുന്നപ്പോഴും തലചായിക്കാൻ സ്ഥലമില്ലാതിരുന്ന ക്രിസ്തു സാധുസംരക്ഷണം നിർവ്വഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്ന നിത്യഭാഗ്യത്തിനവകാശികളാകാൻ കഴിയുമെങ്കിൽ അതിന്നായി നമുക്കുള്ളതൊക്കെ വിററു സാധുക്കൾക്ക് വിതരണം ചെയ്തു് അവിടുത്തെ അനുഗമിക്കുന്നതല്ലേ ബുദ്ധിപൂർവ്വം! നീ ഒന്നാലോചിച്ചു നോക്കു ജീൻ!

ജീൻ:— കാര്യമൊക്കെ ശരിയാ. പക്ഷെ സങ്കടം പറയുന്നവരെയൊക്കെ സഹായിക്കാതിരുന്നാലേ; അല്ല ഞാൻ എന്തിനാ അതൊക്കെ പറയുന്നതു്? ഇതുവരെയുള്ള ധർമ്മം കൊടുക്കലിൻെറ കാര്യം തന്നെ ഒന്നു നോക്കാമല്ലോ. തോട്ടം വിററു. ബേങ്ക് നിക്ഷേപം കലാശിച്ചു. മേടിക്കാവുന്നിടത്തുന്നൊക്കെ കടംമേടിച്ചും കൊടുത്തു. ഇനി പോയിട്ടു വീട്ടുസാമാനങ്ങളെയുള്ളു. ഇപ്പോൾ പതുക്കെ അതും പെറുക്കിത്തൊടങ്ങിയിരിക്കുകയാ..... സത്യം പറഞ്ഞാൽ ആ വെള്ളിക്കപ്പുകൾ കണ്ടാൽ കൊതിവരുമായിരുന്നു.

ജെയിം:— അതൊന്നും സാരമില്ല ജീൻ. അതിനെക്കാൾ

എത്രയോ ദിവ്യമായ ദൈവദാനങ്ങൾ ആണ് അതിനു പകരമായി നമുക്ക് സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്നത്?

ജീൻ:— കൊച്ചങ്ങുന്നിനോടെന്തെങ്കിലും ഒന്നു പറയാൻ തുടങ്ങിയാൽ പിന്നെ ധ്യാനവും ഗുണദോഷവും കേട്ടു മനുഷ്യൻ വിഷമിച്ചു പോകുകയേയുള്ളു.

ജെയിം:— ആകട്ടെ— നീ പോയി— കുളിക്കാൻ വെള്ളം ചൂടായോ എന്നു നോക്ക്. ഞാൻ ഇതാ വന്നുകഴിഞ്ഞു.

ജീൻ:— അതെപ്പൊഴെ ചൂടായി കിടക്കുകയാണ്, കൊച്ചങ്ങുന്നു വരാത്ത താമസംമാത്രം. (പോകുന്നു.)

ജെയിം:— (ജീൻ പോകുന്നതു് സ്വല്പനേരം നോക്കിയിരുന്നിട്ടു ഒന്നു നെടുവീർപ്പിട്ടു. എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു് സാവധാനം നടന്നുപോകുന്നു.)

കർട്ടൻ.

## രംഗം 3.

(ജെയിംസ് ആരെയൊ പ്രതീക്ഷിച്ചെന്നോണം ഇരുന്നിട്ടു മണിയെടുത്തു നോക്കിയശേഷം വാതിൽക്കലേക്കു നോക്കുന്നു.— അകത്തേക്കു നോക്കി) ജീൻ! ജീൻ!

ജീൻ:— എന്തോ! (എന്നു വിളികേട്ടുകൊണ്ടു് വരുന്നു.)

ജെയിം:— നീ ഒന്നുകൂടി നോക്കിയിട്ടുവരൂ; അപ്പച്ചൻ വരുന്നുണ്ടോയെന്നു്. എത്രനേരമായി പോയിട്ടു്?

ജീൻ:— (പോയി മടങ്ങിവന്നു.) വരുന്നുണ്ടു് അങ്ങുന്നേ! വരുന്നുണ്ടു്.

(ജെയിംസും ജീനും സാദരം നിൽക്കുന്നു. ജസ്റ്റിസ്സ്, പ്രവേശിക്കുന്നു; പുറകേ ജീനും)

ജസ്റ്റിസ്സ് മാനേഴ്സ്:— (മ്ളാനമുഖനായ ജെയിംസിനോടു താല്പര്യപൂർവ്വം) എന്താ കുഞ്ഞേ നിൻെറ മുഖം ഇന്നു് വല്ലാതെ വാടിയിരിക്കുന്നല്ലോ. ജീൻ വല്ല കുസൃതിയും ഒപ്പിച്ചിരിക്കുമോ?

ജെയിംസ്:— ഇല്ല. ജീൻ ഒന്നും ചെയ്തിട്ടില്ല...... പക്ഷേ .........

ജസ്റ്റീസ്:— പക്ഷെ?......പക്ഷെ എന്തുണ്ടായെന്നാണ്? പറയൂ......

ജെയിംസ്:— ഞാൻ പതിവുപോലെ ഇന്നു വൈകുന്നേരം വില്യം കുമാരൻ ഒന്നിച്ച് ഹോക്കി കളിക്കാൻ ചെല്ലാമെന്നു സമ്മതിച്ചിരുന്നു. എന്നാൽ വീട്ടിൽവന്നു കാപ്പി കുടിക്കാനിരുന്നപ്പോഴാണ് പള്ളിയിലെ മണി കേട്ടത്. ത്രിദിനാപേക്ഷയും വാഴ്വും ഉണ്ടല്ലോ എന്നു കരുതി ഞാൻ ഉടനെ പള്ളിയിലേയ്ക്കു പോയി. വാഴ്വ് കഴിഞ്ഞു മടങ്ങിയപ്പോൾ വില്യം കുമാരൻ എന്നെ കാത്തു അക്ഷമനായി നില്ക്കുന്നുണ്ടായിരുന്നു.

ജസ്റ്റി:— അദ്ദേഹം നിന്നോടു നീരസം ഭാവിച്ചുകാണും. നിനക്ക് അതിൽ അസുഖവും തോന്നിയിരിക്കും.

ജെയിം:— അങ്ങനെയൊന്നുമല്ല സംഭവിച്ചത്.

ജസ്റ്റി:— പിന്നെ.

ജെയിം:— ഞാൻ താമസിച്ചുപോയതിനെക്കുറിച്ച് അദ്ദേഹം വളരെയൊക്കെ പറഞ്ഞു.

ജസ്റ്റി:— അതിനെന്താ? നിനക്ക് കാര്യം പറഞ്ഞു അദ്ദേഹത്തെ മനസ്സിലാക്കാമായിരുന്നല്ലോ.

ജെയിം:— ഉവ്വ് അപ്പച്ചാ— ഞാൻ വളരെ സൌമ്യമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയെങ്കിലും ഒരു കാര്യത്തിൽ അദ്ദേഹം എന്നെ വളരെ അധികം ആക്ഷേപിച്ചു.

ജസ്റ്റി:— നീ പള്ളിയിൽ പോകുന്നതിനേയും ആരാധനക്രമങ്ങളിൽ പങ്കെടുക്കുന്നതിനേയും കുറിച്ചായിരിക്കും അല്ലേ?

ജെയിം:— അതെ അതുതന്നെ. ദൈവം ഇല്ലെന്നും മതം ആവശ്യമില്ലെന്നും ഇതൊക്കെ വൈദികരുടെ കരകൗശലത്തിന്റെ പ്രത്യക്ഷഫലമാണെന്നും മററും അദ്ദേഹം വാദിച്ചു.

ജസ്റ്റി:— നീ അതിനെ എതിർത്തില്ലേ?

ജെയിം:— ഉവ്വ്. ഞാൻ അതിനെ ശക്തിയുക്തം എതിർത്തു.

ജസ്റ്റി:— പരസ്പരം വാക്കേററങ്ങൾ പറഞ്ഞു കാണും.

ജെയിം:— അതും ഉണ്ടായി. ദൈവവിശ്വാസം കൈവെടിയുന്നതു പരിഷ്കൃത ജനതയ്ക്കു യോജിച്ചതല്ലെന്നു ഞാൻ പറഞ്ഞതു് അദ്ദേഹത്തെ വല്ലാതെ വിറകൊള്ളിച്ചു.

ജസ്റ്റി:— അനന്തരം?

ജെയിം:— അദ്ദേഹത്തേയും പിതാവിനേയും ഞാൻ പരസ്യമായി അധിക്ഷേപിച്ചു എന്നു പറഞ്ഞു അദ്ദേഹം എന്നോട് വളരെ പരുഷമായി സംസാരിക്കുകയും പ്രതികാരശപഥം ചെയ്യുകയുമുണ്ടായി.

ജസ്റ്റി:— കുഞ്ഞേ! ദൈവത്തിനും മതത്തിനും വേണ്ടി വാദിക്കുന്നവർക്കെല്ലാം, ഈ അനുഭവം ഉണ്ടാകാതെ തരമില്ല. അതിനാൽ നീ ചഞ്ചലചിത്തനാകാതെ വിപതിധൈര്യം അവലംബിക്കുക.

ജെയിം:— അപ്പച്ചാ! ചക്രവത്തി തിരുമേനി ഈ വിവരം എങ്ങനെയെങ്കിലും അറിഞ്ഞാൽ ......?

ജസ്റ്റി:— അറിയാതെ തരമില്ല കുഞ്ഞേ! ഫലം അതിവിനാശകരമായിരിക്കുകയും ചെയ്യും, എങ്കിലും ഭയപ്പെടാനൊന്നുമില്ല.

ജെയിം:— എനിക്ക് യാതൊരു ഭയപ്പാടും തോന്നുന്നില്ല. ദൈവത്തിനും ദൈവരാജ്യത്തിനും വേണ്ടി— വേണ്ടിവന്നാൽ മരിക്കാൻപോലുമുള്ള സന്നദ്ധത എൻെറ ധൈര്യത്തിന്നു മാററു കൂട്ടുന്നതേയുള്ളു.

ജ[illegible]:— ഏതായാലും നീ ഇനി കുമാരനുമായി ഇക്കാര്യത്തെക്കുറിച്ച് ഒന്നും സംസാരിക്കേണ്ട. ഞാൻതന്നെ തിരുമേനിയെ നേരിട്ടു കണ്ടു അന്തരീക്ഷം പ്രശാന്തമാക്കാൻ ആവുന്നത്ര ശ്രമിച്ചുകൊള്ളാം. നീ ഇനി പോയി ആഹാരം കഴിച്ചുറങ്ങുക.

(ജെയിംസ് പിതാവിനെ വന്ദിച്ചു പോകുന്നു. അച്ഛൻ ആ പോക്കുനോക്കി പത്രവും കയ്യിലെടുത്തിരിക്കുന്നു.)

കർട്ടൻ.

## രംഗം 4.

ജസ്റ്റിസ്സിൻെറ മുറി. അദ്ദേഹം മേശയ്ക്കു സമീപം ഇരിയ്ക്കുന്നു. പത്രം വായിയ്ക്കുന്നു.) (പുറകിൽ നീണ്ട ഒരു കത്തി കയ്യിൽ പിടിച്ച് ശബ്ദവും പുറപ്പെടുവിച്ചുകൊണ്ട് ജയിൽപുള്ളി പ്രവേശിക്കുന്നു. വേഷം ജയിൽപുള്ളിയുടെ വേഷം. ക്രൂരമായ നോട്ടം)

ജ. പുള്ളി:— മിണ്ടിപ്പോയാൽ ശവമാണെന്നോക്കണം.

ജസ്റ്റി:— (അപ്രതീക്ഷിതമായ ആ വരവിൽ പോലും ഭീതനാകാതെ പ്രശാന്തനായി) പക്ഷെ, സ്നേഹിതാ! നിങ്ങൾ കാണുംപോലെ ഞാനിതാ വായിക്കുകയാണ്. പിന്നെ എന്തിനു ശ

ബ്ദ്ധമുണ്ടാകണം? ഞാനെന്തു സഹായമാണ് നിങ്ങൾക്ക് ചെയ്യേണ്ടതെന്നെ അറിയേണ്ടു.

ജ. പു:— (കടുത്ത നീരസത്തിൽ) എനിക്ക് ആഹാരം വേണം. ഞാൻ വല്ലാതെ വിശന്നു മരിക്കുന്നു. വേഗം ആഹാരം തരിക; വേഗം അല്ലെങ്കിൽ......

ജസ്റ്റി:— (കുറേക്കൂടി ശാന്തതയോടെ) അത്രേയുള്ളോ. എന്നാൽ സ്നേഹിതാ! ഇതാ നിങ്ങൾക്ക് തീർച്ചയായും ഇവിടെ ഭക്ഷണമുണ്ട്, ക്ഷമിക്കുക. ഞാൻ എന്റെ വേലക്കാരനെ വിളിച്ചു ഭക്ഷണമുറിയുടെ താക്കോൽ വാങ്ങിയ്ക്കാം. (സാവധാനം എഴുന്നേല്ക്കുന്നു.)

ജ. പു:— (ക്രുദ്ധനായി ഗർജ്ജന സ്വരത്തിൽ) ഇരിക്കിവിടെ! പിത്തലാട്ടമൊന്നും അരുത്. (ജസ്റ്റിസ് പുഞ്ചിരിയോടെ ഇരിക്കുന്നു.) അതിനും പുറമേ ഞാൻ നിഷ്പ്രയാസം പിടിക്കപ്പെടാവുന്ന വൃദ്ധനായ ഒരു പക്ഷിയാണിപ്പോൾ. അതിനാൽ ഞാൻ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ വേലക്കാരനെ വിളിച്ചു താക്കോൽ വാങ്ങുക. അതു സാധിക്കയില്ലെന്നുണ്ടോ? മ്! വേഗം ... ഹ. ഹ. ഹ. ഹ. (ഭീകരമായ ചിരി) എവിടെ? ...... എവിടെ ആഹാരം? എനിക്ക് ഒരു പൂട്ടും താക്കോലും ഒന്നും ആവശ്യമില്ല. എന്റെ ഉള്ളിൽക്കിടന്നുകൊണ്ട് ഒരു ചെന്നായ് എന്നെ മുഴുവൻ മാന്തിപ്പൊളിക്കുന്നു. വേഗം. വേഗം. പറയൂ! എവിടെയാണ് ഭക്ഷണം?

ജസ്റ്റി:— (ഒരുവശത്തേക്ക് നോക്കി തന്നെത്താൻ) ജിൻ ഭക്ഷണമുറി പൂട്ടാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു! (ജ. പുള്ളിയോടായി) സ്നേഹിതാ! നിങ്ങൾ ഒട്ടും ഭയപ്പെടേണ്ടതില്ല. ഇവിടെ ഞാനും എന്റെ ഏററവും അടുത്തവരും മാത്രമേയുള്ളൂ.

ജ. പുള്ളി:— (നീരസത്തോടെ) ഞാനതെങ്ങിനെ അറിയും?

ജസ്റ്റി:— ഞാൻ നിങ്ങളോടു പറഞ്ഞല്ലോ. നിങ്ങൾ എന്നെ വിശ്വസിക്കുക.

ജ. പുള്ളി:— വിശ്വസിക്കാനോ? വിശ്വസിക്കാൻ. ഹ. ഹ. ഹ. ഹ. വിശ്വാസം! ഇല്ല. അങ്ങിനെ ഒന്നു എന്റെ നിഘണ്ടുവിൽപ്പോലുമില്ല. ഇപ്പോ. വിശ്വസിച്ചാൽ ഞാൻ അപതാളത്തിൽ ആയതുതന്നെ. (ജസ്റ്റിസ് വാതില്ക്കലേക്കു പോകുന്നതു കണ്ട്) എന്നാൽ ഒന്നോർത്തുകൊള്ളണം. അസത്യം പറഞ്ഞ് എ

ന്നെ കബളിപ്പിച്ചാൽ ...... (കത്തി കാണിച്ച്) ഇതാ— എന്റെ ഈ കത്തി അതിന്റെ കൃത്യം ശരിയ്ക്കു നിവ്വഹിക്കുന്നതായിരിക്കും. എനിക്കാണെങ്കിൽ നഷ്ടപ്പെടാൻ ഒന്നുമില്ലതാനും.

ജസ്റ്റി:— എന്നാൽ സ്നേഹിതാ! നിങ്ങൾക്ക് നഷ്ടപ്പെടാൻ നിങ്ങളുടെ ഹൃദയമുണ്ട്. അതു എന്റെ ഹൃദയത്തേക്കാളും വില മതിക്കപ്പെടേണ്ടതാണെന്നും മനസ്സിലാക്കണം. (വാതിക്കൽനിന്നു വിളിക്കുന്നു.) ജീൻ! ജീൻ! (ജ. പുള്ളി ജെസ്റ്റിസിന്റെ നേരെ നിവർത്തിയ കത്തിയുമായി നിൽക്കുന്നു.)

ജീൻ:— (മുറിക്കുള്ളിൽനിന്നുകൊണ്ടുതന്നെ) എന്തോ!

ജസ്റ്റി:— ഇവിടെ ഇതാ ഒരു സാധുയാത്രക്കാരൻ വിശന്നു വലഞ്ഞു വന്നിരിക്കുന്നു. നീ വന്നു ഈ ഭക്ഷണമുറി ഒന്നു തുറക്കു. ഞാൻ ഇദ്ദേഹത്തിന്നു അല്പം ഭക്ഷണം കൊടുക്കട്ടെ.

ജീൻ:— ഇതാ വന്നുകഴിഞ്ഞു അങ്ങുന്നേ! (പ്രവേശിക്കുന്നു. ജയിൽപ്പുള്ളിയുടെ കയ്യിൽ കത്തികണ്ടു് ഭയപ്പെട്ടു്) അങ്ങുന്നേ! അയാൾ ആ കത്തികൊണ്ടു് എന്തുചെയ്യാൻ പോകുന്നു?

ജസ്റ്റി:— (പ്രശാന്തനായി) ഓഹോ! കത്തിയോ? അതൊന്നും സാരമില്ല. (പുഞ്ചിരിക്കുന്നു.)

ജീൻ:— (ഭയന്നു വിറച്ചു ജസ്റ്റിസിനോടു് ചേൎന്നുനിന്നു.) അയാൾ നമ്മുടെ നേക്കു ഒരു വന്യമൃഗത്തെപ്പോലെ നോക്കുന്നുണ്ടല്ലോ വല്യങ്ങുന്നേ!

ജ. പുള്ളി:— വേഗം എനിക്കു ആഹാരം തരൂ! വേഗം. അല്ലെങ്കിൽ നിങ്ങളേയും നിങ്ങളുടെ അങ്ങുന്നിനേയും ശരിപ്പെടുത്തി ഞാനെന്റെ രക്ഷനേടേണ്ടിവരും.

ജസ്റ്റി:— ജീൻ! താക്കോലിങ്ങു തരിക. (ജീൻ താക്കോൽ കൊടുക്കുന്നു.) ഇനി നീ പോയി സുഖമായി ഉറങ്ങു. (ജീൻ പോകാൻ ഭാവിക്കയിൽ ജയിൽപ്പുള്ളി അയാളുടെ മുൻപിൽ ചാടി വീഴുന്നു.)

ജ പുള്ളി:— നില്ക്കവിടെ!

ജീൻ:— (ഭയന്നു വിറച്ചു ജസ്റ്റിസിനെ കെട്ടിപ്പിടിച്ചുകൊണ്ടു) വല്യങ്ങുന്നേ! ......

ജ. പുള്ളി:— ഞാൻ ആഹാരം കഴിച്ചുകഴിയുന്നതുവരെ നിങ്ങൾ ഇവിടെനിന്നു പൊയ്ക്കൂടാ! (ജീൻ ജസ്റ്റിസിനെ ഭയവിഹ്വലനും ആൎത്തനുമായി നോക്കുന്നു.)

ജസ്റ്റി:— (വിപത്തി ധൈൎയ്യം അവലംബിച്ചുകൊണ്ടു്)

ജീൻ! ഇദ്ദേഹം അത്താഴം കഴിയ്ക്കുന്നതിന്നു നീക്കുടി അദ്ദേഹ ത്തോടൊന്നിച്ചുണ്ടായിരിക്കണം. അദ്ദേഹം ആത്മാൎത്ഥമായും അ താഗ്രഹിയ്ക്കുന്നു.

ജീൻ:— (മനസ്സില്ലാ മനസ്സോടെ) കൊള്ളാം. (അയാൾ ഒന്നിച്ചിരിക്കുന്നു.)

ജസ്റ്റി:— (ജയിൽപ്പുള്ളിക്കു ഭക്ഷണം കൊണ്ടുവന്നു കൊ ടുത്തശേഷം) ഇതാ! ഒരു കുപ്പി വീഞ്ഞും ഏതാനും അപ്പങ്ങളും മാംസവും. ഇനിയും ആവശ്യംപോലെ ചോദിച്ചുകൊള്ളുക.

ജ. പുള്ളി:— (അല്പം തൃപ്തനായി) കൊള്ളാം. അതവി ടെ വച്ചിട്ടു അടുത്തുനിൽക്കു. എനിക്കു എപ്പോഴും നിങ്ങളെ കാ ണണം. (ജസ്റ്റിസ് അപ്രകാരം ചെയ്യുന്നു. മേശയുടെ ഡ്റോ വലിച്ചു കത്തിയും മുള്ളും പുറത്തെടുക്കുന്നു.)

ജ. പുള്ളി:— (അതുകണ്ടു തന്റെ കത്തിവാത്തലയിൽ വിരലോടിച്ചുകൊണ്ട്) എന്റെ കത്തിക്കു നല്ല മൂൎച്ചയുണ്ട്. (മു ള്ളു കയ്യിലെടുത്ത്) മുള്ളോ ഫാ! (ദൂരെയെറിയുന്നു.) ഞങ്ങൾ ജ യിലിൽ മുള്ളുപയോഗിക്കാറില്ല.

ജീൻ:— ജയിലോ? ...... അങ്ങുന്നേ! ......

ജ. പുള്ളി:— എന്താ ഭയമാണോ? (ഒരു മൃഗത്തിന്നു തു ല്യം കൈയ്യിലെ നഖം കൊണ്ടു റൊട്ടി നേൎമ്മയായി ചീന്തി ചെ റുതാക്കി ഇട്ടശേഷം വാതില്ക്കലേക്കു നോക്കി) ഇതെന്ത്? ഈ വാതിൽ അടക്കാതെയും ജനലിന്നു വിരിയിടാതെയും എന്തിനിങ്ങനെ തുറ ന്നിടുന്നു. (ജസ്റ്റിസ് വാതിലും ജനലും അടച്ചിടുന്നു.)

ജസ്റ്റി:— നിങ്ങളെപ്പോലെയുള്ളവരെ ഇങ്ങനെ അല്ല മെങ്കിലും സഹായിക്കാൻ അവ പൂട്ടപ്പെട്ടു കിടന്നാലെങ്ങനെ ക ഴിയും?

ജ. പുള്ളി:— കൊള്ളാം, അവ ഇപ്പോൾ അടച്ചതു കൊ ള്ളാം.

ജസ്റ്റി:— (നിശ്വാസത്തോടെ) ഈ മുപ്പതു വഷത്തി നിടക്കു ആദ്യമാണിത്! (ജ പുള്ളി മാംസം തിന്നു തീൎന്നശേഷം ഒരെല്ലു താഴെയിടുന്നു.)

ജീൻ.— (അസഹ്യത ഭാവിച്ചു) ഓ! ഞങ്ങളുടെ വൃത്തിയു ള്ള തറമുഴുവൻ......

ജസ്റ്റി:— (ജീനിനെ ആജ്ഞാസ്വരത്തിൽ നോക്കി) ജീൻ!

ജ. പുള്ളി:— (ജസ്റ്റിസിനോട്) നിങ്ങൾ കള്ളന്മാരെ ഭയപ്പെടുന്നില്ലേ?

ജസ്റ്റി:— ഞാൻ അവരെക്കുറിച്ചു സഹതപിക്കുക മാത്രം ചെയ്യുന്നു.

ജ. പുള്ളി:— സഹതപിക്കുകയോ? ഹ! ഹ! ഹ! നിങ്ങളുടെ ഒരു സഹതാപം ...... (കുപ്പിയിൽ നിന്നു വീണ്ടും കുടിക്കുന്നു) ...... (അല്ലെങ്കിൽ ....... അതു കൊള്ളാം. അവരെക്കുറിച്ചു സഹതപിക്കുന്നതു കൊള്ളാം. ഹ. ഹ. ഹ. ഹ. (കുടിക്കുന്നു) ഇടക്കു എല്ലു കടിക്കുന്നു. പെട്ടെന്നു നിറുത്തി.)

നിങ്ങൾ ആരാണ്? എന്തൊരു പിശാച് ആണ് നിങ്ങൾ?

ജസ്റ്റി:— ഞാൻ ഒരു ജസ്റ്റിസ്. (ജയിൽ പുള്ളി നടുങ്ങി ഓടാൻ ഭാവിക്കുന്നു. ജസ്റ്റിസ് സൌമ്യമായി) അരുത് എന്തിനു ഭയപ്പെടുന്നു!

ജ. പുള്ളി:— (വിറക്കുന്നു.) എന്തെന്ത്? ജസ്റ്റിസോ? നിങ്ങൾ ഇവിടുത്തെ ...... ജ ... ജസ്റ്റിസോ? നിങ്ങൾ ........ ഞാൻ ...... ഭയപ്പെടണം ...... നിങ്ങളെ ...... ഭയപ്പെടണം...... (വീണ്ടും ഓടാൻ ഭാവിക്കുന്നു.)

ജസ്റ്റി:— സ്നേഹിതാ! ഇതാ കേൾക്കു. നിങ്ങൾക്കു യാതൊരാപത്തും വരുത്തുകയില്ലെന്നു ഞാൻ ദൈവനാമത്തെ മുൻനിറുത്തി ശപഥം ചെയ്യുന്നു.

ജ. പുള്ളി:— ജസ്റ്റിസ് ...... ശപഥം ...... ചെര...... ചെര ...... ജസ്റ്റിസ് ...... നിങ്ങൾ ഒരു ജസ്റ്റിസ് ......

ജസ്റ്റി:— അതെ ഞാൻ നിങ്ങളുടെ ജസ്റ്റിസ് ......

ജ. പുള്ളി:— നിങ്ങൾ എന്റെ ...... ജസ്റ്റിസ് ...... (ശബ്ദം കുറച്ചു) നിങ്ങൾ ജസ്റ്റിസ്. ഞാൻ തള്ളപ്പെട്ട ...... ഒരു നിസ്സാരനും ..... അതെ ..... നിസ്സാരൻ!

ജസ്റ്റി:— സ്നേഹിതാ ശാന്തമായിരിക്കുക. നിരാശപ്പെടുകയുമരുത്. നിങ്ങളെ സന്തോഷചിത്തനാക്കി തീർക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. (ജിനിനോട്) ജിൻ! നീ പൊയ്ക്കൊള്ളുക. ഇദ്ദേഹം നിന്നോടു ക്ഷമിച്ചുകൊള്ളും.

ജിൻ:— ഞാൻ നിങ്ങളെ വിട്ടുപോയാൽ?

ജസ്റ്റി:— എനിക്കും എന്റെ സ്നേഹിതനും പല കാര്യങ്ങളെക്കുറിച്ചും ഹൃദയം തുറന്നു സംസാരിക്കാൻ കഴിയും. വിശപ്പ

കൊണ്ടു് പൊരിയുന്ന ഈ സമയത്തു വീണ്ടും അപ്പവും അദ്ദേഹത്തിന്നു വളരെയധികം ഉപകരിച്ചതുപോലെ അദ്ദേഹത്തിൻെറ ഹൃദയസമാധാനത്തിന്നു് ആയതു് വഴി തെളിയ്ക്കും.

ജ. പുള്ളി:— അതെ— നിങ്ങൾ പൊയ്ക്കൊള്ളൂ. പൊയ്ക്കൊള്ളൂ. വന്ദനം. വന്ദനം. മ്. ഞാൻ ഇദ്ദേഹവുമായി സംസാരിക്കാൻ ആഗ്രഹിക്കുന്നു. എൻെറ ഹൃദയം തുറന്നു കാണിക്കാൻ. ഹ. ഹ. ഹ ഹ. (കുടിയ്ക്കുന്നു. ഇടക്കിടക്കു ചുമയ്ക്കുകയും. ജീൻ പോകുന്നു.)

ജ. പുള്ളി:— (ചിരിച്ചുകൊണ്ടു്) ജസ്റ്റിസ് അങ്ങുന്നേ! ഞാൻ ആരാണെന്നു നിങ്ങൾക്കറിയാമോ?

ജസ്റ്റി:— അറിയാം, കഷ്ടതകളുടെയിടയിൽ കിടന്നു തെങ്ങി ഞെരുങ്ങുന്ന ഒരു സാധുമനുഷ്യൻ—

അല്ലെന്നുണ്ടോ?

ജ. പുള്ളി:— സാധുമനുഷ്യനോ? (ആശ്ചര്യഭാവത്തിൽ) സാധുമനുഷ്യൻ! ...... സാധു......മനുഷ്യൻ...... അതെ ...... യതെ...... (വീണ്ടും കുടിക്കുന്നു) അതു് വളരെ നാളുകൾക്കു് മുൻപായിരുന്നു. ഇപ്പോൾ ഞാൻ ഒരു മനുഷ്യനേയല്ല ഒരു നമ്പർ ...... നമ്പർ 15729. പത്തു കൊല്ലമായി ഞാനൊരു നരകത്തിലാണു്.

ജസ്റ്റി:— അതെ, അതിനെക്കുറിച്ചു് എന്നോടു പറയൂ. ആ നരകത്തെക്കുറിച്ചു്.

ജ. പുള്ളി:— (സംശയഭാവത്തിൽ) എന്തിനു്? നിങ്ങൾ പോലീസിൽ അറിയിക്കാൻ വിചാരിക്കുന്നോ? അവരെക്കൊണ്ടു് എന്നെ പിടിപ്പിക്കുവാനും.

ജസ്റ്റി:— ഇല്ല. അങ്ങനെയൊന്നും ചെയ്യുകില്ല. നിങ്ങൾ എന്നെ വിശ്വസിക്കൂ സത്യമായും ഞാൻ പറയുന്നു. നിങ്ങൾ എന്നെ വിശ്വസിയ്ക്കൂ.

ജ. പുള്ളി:— (ആത്മാർത്ഥത പ്രതീക്ഷിച്ചെന്നോണം) അതെ, ഞാൻ നിങ്ങളെ വിശ്വസിക്കാം.... എന്നാൽ നിങ്ങൾ എന്നെ ചതിയ്ക്കുകയില്ലല്ലോ. ഞാൻ... അറിയപ്പെടുന്ന പക്ഷം ...... മരണത്തിനുപോലും വിധേയനായേക്കാം. എങ്കിലും ഞാൻ നിങ്ങളെ വിശ്വസിക്കാം.

ജസ്റ്റി:— (ജ. പുള്ളിയുടെ തോളിൽ കൈവെച്ചു കൊ

ണ്ട്) പറയൂ. ആ സമയത്തെക്കുറിച്ച് പറയൂ. നിങ്ങൾ ആ നരകത്തിലേക്ക് പോകുന്നതിനുമുമ്പുള്ള സമയത്തെക്കുറിച്ച്.

ജ. പുള്ളി:– (ശാന്തനായി) ഞാൻ പറയാം. അതു വളരെ സംവത്സരങ്ങൾക്കു മുമ്പാണ്. ഞാനതു മറന്നുകഴിഞ്ഞെങ്കിലും അല്പാല്പമായി ഓർക്കുന്നുണ്ട്. എനിക്ക് അന്നൊരു ചെറിയ കുടിലുണ്ടായിരുന്നു താമസിക്കാൻ. അവിടെ, ആ ചെറുകുടിലിൽ ഒരു സ്ത്രീയും. ഏററം സാധുവായ ഒരു സ്ത്രീ. അവൾ ......

ജസ്റ്റി:– മ്? അവൾ......?

ജ. പുള്ളി:– അതെ അവൾ എൻെറ സഹോദരിയായിരുന്നു. (പെട്ടന്നു വ്യസനത്തോടെ) പല ദിവസങ്ങൾ ഞങ്ങൾക്ക് ആഹാരമൊന്നും കിട്ടിയില്ല. ജീവിക്കാൻ വളരെ പ്രയാസമായിരുന്നു ആ വർഷം.

ജസ്റ്റി:– നിങ്ങൾക്ക് ജോലിയൊന്നും ഉണ്ടായിരുന്നില്ലേ?

ജ. പുള്ളി:– ഇല്ല. എനിക്ക് യാതൊരു ജോലിയും കിട്ടിയില്ല. ഞാൻ പലരേയും സമീപിച്ചു എങ്കിലും ഒന്നും കിട്ടിയില്ല. എൻെറ സഹോദരി ജ്വരാറിസ്സാണെങ്കിൽ കഠിനമായ സുഖക്കേടും. എന്തുചെയ്യും?

(അല്പനേരത്തെ മൌനം) അതിനാൽ അവളുടേയും എൻേറയും ആഹാരത്തിനുവേണ്ടി ഞാൻ മോഷ്ടിച്ചു. (ജസ്റ്റിസ് സംക്രൂരം അയാളെ തുറിച്ചുനോക്കുന്നു..... സുദീർഘമായ മൌനം.)

ജസ്റ്റി:– നിങ്ങൾ എന്താണ് മോഷ്ടിച്ചതെന്നു പറയൂ!

ജ. പു:– ഞാൻ മോഷ്ടിച്ചതോ...അതങ്ങനെ...

ജസ്റ്റി:– സംശയിക്കേണ്ട നിങ്ങളുടെ ആത്മാർത്ഥസുഹൃത്താണ് ഞാൻ. പറയൂ.

ജ. പു:– രണ്ടപ്പങ്ങൾ. പട്ടിണിക്കാരനു ആവേശം വളർത്തുന്ന ഒരപ്പക്കുട്ടയിൽനിന്നും വെറും രണ്ടേരണ്ടപ്പങ്ങൾ... എങ്കിലും ഒടുവിൽ അവരെന്നെ പിടികൂടി. ഞാൻ താണുവീണപേക്ഷിച്ചെങ്കിലും അവർ എന്നെ വിട്ടയച്ചില്ല. എന്തിനാണ് ഞാൻ മോഷ്ടിച്ചതെന്നു തുറന്നു പറഞ്ഞെങ്കിലും അവരതു കൂട്ടാക്കിയില്ല. വിശക്കുന്ന രണ്ടു ഉദരങ്ങൾക്ക് ശാന്തിനൽകുന്നതിനുവേണ്ടി മാത്രമാണ് ഞാനാകൃത്യം ചെയ്തതെന്നും ഞാൻ അവരോടു ഏററു പറഞ്ഞു. എന്നിട്ടും ആ കരിങ്കല്ലുകൾ അലിഞ്ഞില്ല. പത്തു കൊല്ലത്തെ കഠിനതടവ്; അതെ, അതായിരുന്നു. ജീവനെങ്കിലും നിലനിറുത്തിപ്പോരാൻ ശ്രമിച്ച ഒരു നിരാശ്രയനസ് ഇന്നത്തെ

സമുദായ നീതി ദാക്ഷിണ്യപൂർവ്വം നിശ്ചയിച്ച സമ്മാനം. അതിൻെറ മുൻപിൽ ഇതുപോലെയുള്ള എത്രയെത്ര ജീവിതങ്ങളാണ് ദൈനംദിനം എന്നോണം നിർദ്ദയം ഞെക്കിഞെരുക്കികൊല്ലപ്പെടുന്നത്.

ജസ്റ്റി:— ഹൊ— കഷ്ടംതന്നെ. ആകട്ടെ സ്നേഹിതാ ശേഷം കേൾക്കട്ടെ.

ജ. പു:— ഞാൻ ശിക്ഷിക്കപ്പെട്ട ദിവസംതന്നെ ഞാനറിഞ്ഞു . . . (കരയുന്നു) എൻെറ പ്രിയപ്പെട്ട സഹോദരി മരിച്ചുപോയെന്ന്. അവരെയെല്ലാം ദൈവം ശപിക്കട്ടെ. (മേശപ്പുറത്തു കുനിഞ്ഞുകിടന്ന് കരയുന്നു. കുറെ സമയത്തേയ്ക്കു മൗനമായിരുന്ന ശേഷം) നിങ്ങളൊക്കെ പറയും നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കണമെന്ന്. പക്ഷെ, പണംതന്നെ ദൈവമായ ഇവർ അതൊന്നും ചെവിക്കൊള്ളാൻ പോകുന്നില്ല. അവക്ക് ഒപ്പം സ്വത്തുള്ളവർ മാത്രമാണ്, അവരുടെ അയൽക്കാർ. ഉണ്ടവരെ ഊട്ടുകയും സ്ഥാനത്തിനുവേണ്ടി ദാനം ചെയ്യുകയും. അതിലാണ്, അവരുടെ മുക്തി. പേരിനുവേണ്ടി എന്തു അധർമ്മവും പ്രവൃത്തിക്കുന്നതാണ്, അവരുടെ യുക്തി. (മൌനം) യജമാനേ! അങ്ങ് പറയൂ, രോഗിണിയായ എൻെറ സഹോദരിയുടെ വിശപ്പു ശമിപ്പിക്കുന്നതിനുവേണ്ടിമാത്രം ഒരു വമ്പിച്ച സമ്പന്നന് ആവശ്യത്തിൽ കവിഞ്ഞു മിച്ചം വന്ന അളവററ സാധനങ്ങളിൽനിന്നും അല്പം മോഷ്ടിച്ച ഞാനോ, അമൂല്യമെന്ന പ്രകീത്തിക്കപ്പെടുന്ന മനുഷ്യജീവികളിൽ രണ്ടെണ്ണത്തിനെ നിഷ്ക്രൂരമൃഗീയതസ്കരയാക്കി നശിപ്പിച്ച ദുഷിച്ച സമുദായനീതിയോ ഏതാണ് അടിച്ചുടക്കപ്പെടേണ്ടതെന്ന്.

ജസ്റ്റി:— ആകട്ടെ ഇനി ആ ജയിൽനരകത്തെക്കുറിച്ചു പറയു കേൾക്കട്ടെ.

ജ. പു:— അതും ഞാൻ പറയാം. നോക്കു. ഒരിക്കൽ ഞാനും ഒരു മനുഷ്യൻതന്നെയായിരുന്നു. ഇപ്പോഴാകട്ടെ ഒരു മൃഗമാണ്, മൃഗം. ഞാൻ ഇപ്പോൾ എന്താണോ, അതാക്കിയതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വവും അവക്കാണ്. അവർ എന്നെ ഒരു വന്യമൃഗത്തെയെന്നോണം ബന്ധിച്ചു. മൃഗങ്ങൾക്ക് കൊടുക്കുന്നതിനേക്കാൾ നികൃഷ്ടമായ ആഹാരംമാത്രം എനിക്ക് തന്നു. പുറകെ നീചനീചമായ അവരുടെ ഉപദ്രവവും. ഓ! ആ പത്തുവഷം! ദൈവമേ, എനിക്ക് ആത്മാവ് എന്ന് ഒന്നുണ്ടായിരുന്നെ

ങ്കിൽ അതിനെ എടുത്തുകളഞ്ഞ് പകരം അവർ ഒരു പിശാചിനെയാണ് തന്നതു്.

ജസ്റ്റി:— പിന്നെ നിങ്ങൾ എങ്ങിനെ രക്ഷപ്പെട്ടു.

ജ. പു;— അങ്ങിനെയിരിക്കെ ഒരു ദിവസം അവർ അല്പം അശ്രദ്ധരായിപ്പോയി. അവർ അവരുടെ വന്യമൃഗത്തെ ബന്ധിക്കാൻ മറന്നുപോയി. അതു് ആറ് ആഴ്ച മുമ്പായിരുന്നു.

ജസ്റ്റി:— ആറാഴ്ച മുമ്പോ?

ജ. പു;— അതെ. വിശന്നുവിശന്നു മരിക്കാൻവേണ്ടി ഞാൻ സ്വാതന്ത്ര്യനായിട്ട് ഇപ്പോൾ ആറ് ആഴ്ച കഴിഞ്ഞു.

ജസ്റ്റി:— വിശന്നു മരിക്കാനോ?

ജ. പു:— അതേ; വിശന്നു മരിക്കാൻതന്നെ. ചട്ടിയിൽ നിന്നു അടുപ്പിലേയ്ക്കു് എന്നോണം. ഞാൻ നരകത്തിൽ വളത്തപ്പെട്ടു. ഇപ്പോൾ ഇതാ ഒരു പിശാച് ആയി പുറത്തേക്കിറങ്ങിയിരിക്കയുമാണ്. എങ്കിലും അവർ എന്നെ എല്ലായിടത്തും വേട്ടയാടുന്നുണ്ട്. എനിക്കാണെങ്കിൽ യാതൊരു പാസ്പോർട്ടും പേരും ഒന്നും ഇല്ല. അതിനാൽ ഞാൻ വീണ്ടും മോഷ്ടിച്ചു. അനുദിനമുള്ള എന്റെ ആഹാരത്തിനായും ഞാൻ മോഷ്ടിച്ചു. ഞാൻ കാടുകളിൽ, വയലുകളിൽ എന്നിങ്ങനെ എവിടെയെങ്കിലുമൊക്കെ കിടന്നുറങ്ങി.

ജസ്റ്റി:— നിങ്ങൾക്ക് ആരോടെങ്കിലും ഒരു ജോലി ആവശ്യപ്പെടാമായിരുന്നില്ലേ?

ജ. പു:— ആരോടും ഒരു ജോലി ആവശ്യപ്പെടാൻ ഞാൻ ധൈര്യപ്പെടുന്നില്ല. പട്ടണത്തിൽപോയി യാചിക്കുന്നതിനും എനിക്ക് ധൈര്യംപോരാ. അഭിമാനം അനുവദിക്കുന്നില്ല. അതിനാൽ ഞാൻ മോഷ്ടിക്കുന്നു. അങ്ങിനെ അവർതന്നെ എന്നെ ഇന്നത്തെ ഞാനാക്കിതീർത്തു. അതെ അവർ എന്നെ ഒരു പെരും കള്ളൻ ആക്കിത്തീർത്തു. ദൈവം അവരെയൊക്കെ ശപിക്കട്ടെ.

(ഒഴിഞ്ഞ വീഞ്ഞുകുപ്പി വലിച്ചെറിഞ്ഞ്)

ജസ്റ്റി:— എന്റെ സ്നേഹിതാ! നിങ്ങൾ വളരെ അധികം സഹിച്ചതായി ഞാൻ മനസ്സിലാക്കുന്നു. എങ്കിലും എല്ലാവക്കും പ്രതിക്ഷയ്ക്കു് അവകാശമുണ്ടെന്നോക്കണം.

ജ. പു:— പ്രതീക്ഷ......എനിക്കോ?

ഹാ, ഹാ, ഹ, ഹ, പ്രതീക്ഷ... (ചിരിക്കുന്നു) പ്രതീക്ഷ പോലും!

ജസ്റ്റി:- നിങ്ങൾ വളരെ അധികം നടന്നു ക്ഷീണിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് ഇവിടെ സുഖമായി ഉറങ്ങാനുള്ള എല്ലാവിധ സൌകര്യങ്ങളും ഇവിടെ ചെയ്യുതരാം. ഞാൻ നിങ്ങൾക്ക് ഒരു പുതപ്പും തരാം.

ജ. പു:- അതിനിടയ്ക്കു് വല്ലവരും വന്നുകണ്ടാൽ...?

ജസ്റ്റി:- ഇവിടെ ആരും വരികയില്ല. അഥവാ വന്നാൽതന്നെ നിങ്ങളെൻെറ സ്നേഹിതനല്ലേ? പിന്നെന്തിനു ഭയപ്പെടുന്നു?

ജ. പു:- നിങ്ങളുടെ സ്നേഹിതനോ?

ജസ്റ്റി:- അതേ...അവർ ജസ്റ്റിസിൻെറ സ്നേഹിതനെ ഒന്നും ചെയ്യാൻ പോകുന്നില്ല. രണ്ടു മിനിട്ടിനകം എല്ലാം ശരിപ്പെടുത്തി ഞാനിതാ വന്നുകഴിഞ്ഞു. (അകത്തേയ്ക്കു പോയി)

ജ. പു:- ജസ്റ്റിസിൻെറ സ്നേഹിതനോ? (സംശയഭാവത്തിൽ തലയാട്ടുന്നു.)

ജ. പു:- (എഴുന്നേററു ആത്മഗതമായി) ജസ്റ്റിസിൻെറ സ്നേഹിതൻ! (ചുററുപാടും നോക്കുന്നു. മേശപ്പുറത്തുള്ള സ്വർണ്ണത്തട്ടങ്ങൾ ദൃഷ്ടിയിൽപ്പെടുന്നു. താൻ തനിച്ചെയുള്ളു, എന്നു ബോദ്ധ്യം വന്നപ്പോൾ അവ എടുത്തുനോക്കുവാൻ ഭാവിക്കുന്നു.) ദൈവമേ! സ്വർണ്ണം— ഒന്നാന്തരം സ്വർണ്ണം— എന്തൊരു വിലയുള്ള സാധനം: നല്ല ഭുക്കവും!

ജസ്റ്റി:- (പ്രവേശിക്കുന്നു. സ്വർണ്ണത്തട്ടങ്ങൾ കള്ളൻെറ കയ്യിൽ കണ്ടിട്ടു്) നിങ്ങൾ എൻെറ ഈ സ്വർണ്ണത്താമ്പാളങ്ങൾ കണ്ടു് അതിശയിക്കുന്നുണ്ടായിരിക്കും അല്ലേ? അതു് എൻെറ അമ്മയുടെ ഓർമ്മയ്ക്കായുള്ള ഒരു വിശിഷ്ട വസ്തുവാണു് അതിനെക്കുറിച്ചു് ഞാൻ എപ്പോഴും അഭിമാനം കൊള്ളുകയും ചെയ്യുന്നു. എനിക്കുള്ളതെല്ലാം അങ്ങനെ എൻെറ അമ്മയെ അനുസ്മരിപ്പിക്കുന്നതിൽ ഞാൻ വളരെ ആനന്ദിക്കുകയും ചെയ്യുന്നു. കിടക്ക തയ്യാറായി. നിങ്ങൾ ഇപ്പോൾത്തന്നെ കിടക്കാൻ വിചാരിക്കുന്നോ?

ജ. പു:- ഉവ്വു്, ഇപ്പോൾതന്നെ. എന്നാൽ ഞാൻ ഒരു പിശാചിനെയെന്നോണം വെറുക്കുന്ന നിങ്ങൾ എന്നോടിത്ര ദയവായി പെരുമാറുന്നതെന്താണെന്നു പറയാമോ?

ജസ്റ്റി:- നിങ്ങൾ സുഖമായി ഉറങ്ങുന്നതു കാണാൻ അഗ്രഹിക്കുന്നതുകൊണ്ടുതന്നെ.

ജ. പു:— അല്ലല്ല. എനിക്കറിയാം നിങ്ങൾ എന്നെ ഒരു നല്ല മനുഷ്യനാക്കാൻ ശ്രമിക്കുന്നു. അതാണ് നിങ്ങളുടെ ഉദ്ദേശം. അതത്ര നല്ലതല്ല. എനിക്കു ഒരു നശിച്ച മതവും വേണ്ട— ദൈവവും വേണ്ടാ— പുരോഹിതന്മാരുടെ ആ സങ്കല്പസൃഷ്ടികളെക്കുറിച്ച് എനിക്കു കേൾക്കുകപോലും വേണ്ടാ.

ജസ്റ്റി:— സ്നേഹിതാ മതവും ദൈവവും ആക്കം ഒരിക്കലും ഒരുവിധ ദ്രോഹവും ചെയ്തിട്ടില്ല. അതിനാൽ നിങ്ങളുടെ ഈ സംസാരം എനിക്കു വളരെ ദയനീയമായി തോന്നുന്നു.

ജ. പു:— ഞാൻ പറഞ്ഞില്ലേ. നിങ്ങൾക്കെന്നെ നന്നാക്കണം. ഹാ—ഹ—ഹ—ഹ. അതൊരു നല്ല വിചാരംതന്നെ. പക്ഷെ ഒരു കാര്യം. നിങ്ങൾ എനിക്കുവേണ്ടി ചെയ്യുന്നതെന്തോ, അതു ഒരു പിശാചിനുവേണ്ടിയാണെന്നതാണ് വാസ്തവം.

ജസ്റ്റി:— പിശാചുമായി വളരെ അധികം ഏറ്റുമുട്ടിയെങ്കിലെ ദൈവത്തിനായി കുറച്ചെങ്കിലും ചെയ്യാൻ കഴിയൂ.

ജ. പു:— ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ നാറിയ മതങ്ങൾ ഒന്നും എനിക്കു വേണ്ടെന്ന്.

ജസ്റ്റി:— നിങ്ങൾ ഉറങ്ങുന്നില്ലേ? വളരെ വൈകിയല്ലോ?

ജ. പു:— കൊള്ളാം — നല്ലതുതന്നെ. പക്ഷെ ഇനി ആരും എന്നെ ഗുണദോഷിക്കാൻ വരരുത്. ഞാൻ (ചുമക്കുന്നു.) ഇവിടെ ആരും വരികയില്ലല്ലോ അല്ലേ?

ജസ്റ്റി:— ഇല്ല. ആരും വരികയില്ല. അഥവാ വരുന്നതായി തോന്നുന്നപക്ഷം നിങ്ങൾതന്നെ വാതിലടച്ചുകൊള്ളുക.

ജ. പു:— നിങ്ങളുടെ സ്നേഹപൂർവ്വമായ ഈ പെരുമാററത്തിൽ ഞാൻ അത്ഭുതപ്പെടുകതന്നെ ചെയ്യുന്നു.

ജസ്റ്റി:— സ്നേഹിതാ നമുക്കു ഉറങ്ങാം വരു — നിങ്ങളുടെ ഉറക്കം നിങ്ങൾക്കു വളരെ അധികം ആനന്ദപ്രദമായിരിക്കട്ടെ.

കർട്ടൻ.

## രംഗം 5.

(ജയിൽപുള്ളി ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. സാവധാനത്തിൽ എഴുന്നേററിരിക്കുന്നു. ചുററും നോക്കുന്നു. തട്ടങ്ങൾ കാണുന്നു.)

ജ. പു:— (ആത്മഗതം) എന്തൊരു ഭംഗിയുള്ള സാളുന്ന തളികകൾ. ഇതെന്നെ വല്ലാതെ ആകർഷിക്കുന്നു. എത്ര വളരെ വിലയുള്ള സാധനം. ഹാ? ഇതു കിട്ടിയാൽ... വളരെ ദിവസങ്ങൾ സുഖമായി കഴിഞ്ഞുകൂടാം. (ആശയോടെ എഴുന്നേററു ചെല്ലുന്നു.) വാതിൽ തുറന്നിട്ടുണ്ടോ എന്നു നോക്കാം. (വാതിൽക്കലേക്കു ചെല്ലുന്നു. പിടിച്ചുനോക്കുന്നു. പൂട്ടിയിട്ടില്ല എന്നു ബോധ്യം വന്നപ്പോൾ) ആശ്വാസമായി. വാതിൽ പൂട്ടിയിട്ടില്ല. നല്ലതരം. ഇതെടുത്തുകൊണ്ടുപോയാൽ ആരറിയാനാണ്? ജസ്റ്റിസദ്ദേഹവും ഭൃത്യനുംമറ്റും നല്ല ഉറക്കമായിരിക്കും. അതേ ഞാൻ ഇതെടുക്കുകതന്നെ ചെയ്യും — ഇതെടുക്കും —— —— (അല്പം ചിന്തിക്കുന്നു.) പക്ഷെ അദ്ദേഹം എത്ര നല്ലവനാണ്. ഈ അർദ്ധരാത്രിയിൽവന്നു അലട്ടിയിട്ടും യാതൊരു വെറുപ്പും കാണിക്കാതെ സർവ്വസ്വാതന്ത്ര്യമായി ഈ വീടുതന്നെ അനുവദിച്ചുതന്ന അദ്ദേഹം എത്ര ദയാലുവാണ്. ഇവ അദ്ദേഹത്തിൻെറ അമ്മയുടെ സ്മാരകമാണെന്നല്ലേ പറഞ്ഞതു്? അദ്ദേഹത്തിൻെറ അമ്മ — ആ പുണ്യവതിയെ അദ്ദേഹം വളരെ ബഹുമാനിക്കുന്നുണ്ടായിരിക്കും. അതേസമയം എന്നെ ഈ നരകത്തിൽ തള്ളിയേച്ചുംപോയ എൻെറ അമ്മയെക്കുറിച്ചു ആരെങ്കിലും ഓർക്കുന്നുണ്ടോ? ആ നല്ല അമ്മ എന്നോടു എത്ര വാത്സല്യമുള്ളവളായിരുന്നു. അതു കഴിഞ്ഞിട്ടു ഞാൻ ഇദ്ദേഹത്തിൽമാത്രമേ അതുപോലെ വാത്സല്യവും കാരുണ്യവും കാണുന്നുള്ളു. പക്ഷെ മനുഷ്യരോട് അല്ല — സഹോദരനോടു കരുണ കാണിക്കുവാൻ— അല്ലെങ്കിൽ എന്തിനാണ് ഈ മനുഷ്യജീവിതംതന്നെ? വിശേഷിച്ചും ഇദ്ദേഹം വളരെ നല്ലവനും ആണ്. നല്ലവൻ! പക്ഷെ എൻെറ കൂട്ടുതടവുപുള്ളികൾ ഈ 15729—ാം നമ്പർ, ഞാൻ ഇങ്ങിനെ നല്ലവനാകാൻ പോകുന്നതറിഞ്ഞാൽ ചിരിക്കുകയില്ലേ? ഹ, ഹ, ഹ, ഹാ. ഞാൻ നല്ലവനാകാൻ പോകുകയോ? ഹ, ഹ, ഹ, ഹ. നല്ലവനാകാൻ പോകുക. ...... നല്ല കാര്യം. അതേ ഞാൻ തട്ടങ്ങൾ മോഷ്ടിച്ചുകൊണ്ടുപോകുകതന്നെ ചെയ്യും.

അല്ലെങ്കിൽ ഞാനിവിടെ താമസിച്ചാൽ രാവിലെ ഞാൻ എഴുന്നേക്കുമ്പോൾ അദ്ദേഹം എന്നെ ഗുണദോഷിക്കും. ഞാൻ ഒരു പക്ഷെ പരുപരുപ്പ് കുറഞ്ഞവനായിത്തീരുകയും ചെയ്യും. അദ്ദേഹവും അദ്ദേഹത്തിൻെറ നശിച്ച ഗുണദോഷവും. (അയാൾ താമ്പാളത്തിൻെറ നേക്കു കൈനീട്ടുന്നു. കൈകൾ വല്ലാതെ വിറയ്ക്കുന്നു. പെട്ടെന്നു കൈവലിച്ചു. ചിന്തിക്കുന്നു.) ഇല്ല, ഒന്നും ആലോചിക്കാനില്ല. എങ്കിലും എൻെറ കൈകൾ വിറക്കുന്നല്ലോ. ഹൃദയത്തിൻെറ മിടിപ്പും വദ്ധിക്കുന്നു. (ആലോചിച്ചുനിന്നിട്ട്) എന്ത് ഞാനൊരു ഭീരുവാകുകയൊ? ഛെ, ഛെ, അതെനിക്ക് ഓക്കുവാൻപോലും പാടില്ല. ഞാനതു മോഷ്ടിക്കും. സധൈര്യം മോഷ്ടിക്കും. മോഷ്ടിച്ചെ മതിയാകുതാനും. (വീണ്ടും സമീപിക്കുന്നു. ഏതോ ശബ്ദം കേട്ടെന്നോണം ഞെട്ടുന്നു. വീണ്ടും ധൈര്യം അവലംബിച്ച് പുറവുപാടും നോക്കുന്നു. എല്ലാം ഉറക്കമാണെന്ന് ബോദ്ധ്യം വന്നപ്പോൾ വീണ്ടും കൈകൾ നീട്ടി സമീപിക്കുന്നു. പിന്നെയും വിറയ്ക്കുന്ന കൈകൾ. എന്തൊ ഭീകരത ബാധിച്ചെന്നോണം മുഖഭാവം മാറുന്നു. അല്പം ഭീരുതപോലെ. എങ്കിലും ധൈര്യം അവലംബിച്ചു. സൂക്ഷ്മ സംശയദൃഷ്ടിയോടെ നോക്കിക്കൊണ്ട് മുന്നോട്ടു നടക്കാൻ ഒരുങ്ങുന്നു. ഒരു ശബ്ദം കേട്ടെന്നോണം പിൻവലിയുന്നു. പൂച്ചവൽ ധൈര്യപൂർവ്വം ധ്രുതഗതിയിൽ തട്ടവുമായി മറയുന്നു. കതകടയുന്ന ശബ്ദം കേട്ട് അകത്തുകിടന്നുകൊണ്ടു തന്നെ)

ജീൻ:– ആരാണത് എന്താണിവിടെ? ഞാൻ പറഞ്ഞില്ലെ. ഇനിയ്ക്കു രാത്രി ഒന്നുറങ്ങാനും സാധിക്കയില്ലല്ലോ. ആരാണത്. (ജീൻ പ്രവേശിക്കുന്നു.) ആരോ വാതിലടയ്ക്കുന്ന ശബ്ദം ഞാൻ കേട്ടതാണ്. (ചുററും നോക്കുന്നു. ജ. പുള്ളി കിടന്നിടത്ത് നോക്കി) ഇവിടെ കിടന്നിരുന്ന ആളിൻെറ പൊടിക്കൂടി കാണുന്നില്ലല്ലോ. (മേശപ്പുറത്തു നോക്കി) അ സ്വർണ്ണത്തട്ടങ്ങൾ! – അയ്യോ അതുംകൊണ്ട് അയാൾ പൊയ്ക്കഴിഞ്ഞോ! വല്യങ്ങുന്നേ! വല്യങ്ങുന്നേ! കള്ളൻ. കള്ളൻ വേഗം വരു വേഗം... വേഗം വരണേ അങ്ങുന്നേ കള്ളൻ കയറി. (ജസ്റ്റിസ് ഓടിവന്നു.) ജസ്റ്റിസ് – കള്ളനോ? എവിടെ? ജീൻ! നീ എന്താണീ പറയുന്നത്?

ജെയിം:– എവിടെ, എവിടെ, കള്ളൻ?

ജീൻ:— അയാൾ എപ്പൊഴെ പോയി! വിശന്നുപൊരിഞ്ഞ കണ്ണുകളോടുകൂടിയ ആ മനുഷ്യൻ. അയാൾ നമ്മുടെ ആ സ്വർണ്ണത്തട്ടങ്ങൾ തട്ടിക്കൊണ്ട് കടന്നുകളഞ്ഞു.

ജെയിം:— വിശന്നുപൊരിഞ്ഞ കണ്ണുകളുള്ള മനുഷ്യനോ? അതാരാ അപ്പച്ചാ?

ജസ്റ്റി:— ഒരു പാവം നിരാധാരൻ! നിരാശയിൽ നീറിയ മനുഷ്യൻ.

ജീൻ:— ഞാൻ അപ്പഴെ പറഞ്ഞില്ലെ. വല്യ്യങ്ങുന്നേ അയാൾ ഒരു കൊടിയ കള്ളനാണെന്ന്.

ജെയിം:— അയാൾ ... അയാൾ എന്തുചെയ്തപ്പച്ചാ!

ജസ്റ്റി:— അയാളെ ഞാനിവിടെ അഭയവും ഭക്ഷണവും കൊടുത്തുരക്ഷിച്ചു.

ജീൻ:— അവനെയൊന്നും വീട്ടിൽ കേററാൻ കൊള്ളു കേല വല്യങ്ങുന്നേ! — ഒരു വലിയ ജാലക്കാരൻ. അവനെ കണ്ടപ്പൊഴെ ഞാൻ തീരുമാനിച്ചു, അതു മുഴവൻ തട്ടിപ്പാണെന്ന്.

ജെയിം:— അയാൾ എന്തു മോഷ്ടിച്ചെന്നാണ് പറയുന്നത്.

ജീൻ:— മോഷ്ടിച്ചതോ? വേറെ ആയിരം പവനാണെങ്കിലും സങ്കടമില്ലായിരുന്നല്ലോ, കൊച്ചങ്ങുന്നെ. അമ്മയുടെ ഓർമ്മയ്ക്കായിട്ട് നമ്മള് കാത്തുവെച്ചിരുന്ന ആ പൊന്നിൻതട്ടങ്ങളെ! എടാ! ദ്രോഹീ! എങ്കിലും നീയിതു ഞങ്ങളോടുതന്നെ ചെയ്തല്ലോടാ. ഞങ്ങളുടെ റൊട്ടീടേം ഇറച്ചീടേം രുചി തൊണ്ടയിൽനിന്നു കീഴോട്ട് ഇറങ്ങിയില്ലല്ലോടാ.

ജസ്റ്റി:— ജീൻ! നിത്തു.

ജീൻ:— അല്ല, വല്യങ്ങുന്നേ . . .

ജെയിം:— നീയൊന്നും പറയേണ്ട. അതൊക്കെ...

ജസ്റ്റി:— അതേതായാലും കുറച്ചു കഷ്ടമായിപ്പോയി. അമ്മയുടെ നിത്യസ്മാരകമായ ആ ഭംഗിയേറിയ തട്ടങ്ങൾ... പക്ഷെ . . . (അല്പനേരത്തെ മൌനം) . . . അയാൾ എന്നോടിതു ചെയ്യേണ്ടിയില്ലായിരുന്നു എങ്കിലും . . . .

ജീൻ:— അതാണു വല്യങ്ങുന്നേ. (കരയുന്നു) ഈ ജീനിനും സഹിക്കാത്തതു്. എടാ കാലാ നീ അതു ചെയ്തല്ലോടാ . . .

ജെയിം:— ജീൻ! നിന്നോടു പറഞ്ഞില്ലെ? ധിക്കാരി.

ജസ്റ്റി:— ഒരു പക്ഷെ അയാൾക്കായിരിക്കും അതുകൊണ്ട് ആവശ്യം. അയാൾ അതു കണ്ടിട്ട് പ്രലോഭിതനായി പോയിട്ടുണ്ടായിരിക്കും. അതേ, ഒരു വിധത്തിൽ, നമ്മുടെ ആവശ്യത്തിലധികമുള്ള ഒരു വസ്തുവായിരുന്നു അത്.

ജീൻ:— എന്നു വിചാരിച്ച് . . . അതൊക്കെ ഇവക്ക് കൊടുക്കുകയോ?

ജസ്റ്റി:— ജീൻ! നീ ബുദ്ധിയില്ലാത്തവൻ. നിനക്കെന്തറിയാം? ജീവിതത്തിൻെറ വ്യഗ്രതയിൽ മററു മാർഗ്ഗങ്ങൾ കാണാതെ പലപ്പോഴും മനുഷ്യൻ പല കഠിന കൈകളും ചെയ്യാറുണ്ട്. എല്ലാ മനുഷ്യരും ജന്മനാ നല്ലവരായിരിക്കും. സാഹചര്യം ഓരോ വിധത്തിൽ അവരെ സന്മാർഗ്ഗികളോ ദുർമ്മാർഗ്ഗികളോ ആക്കിത്തീർക്കുന്നതു മാത്രമാണ്.

ജീൻ:— ഏതായാലും അവൻ ഇതിനകം വളരെദൂരെയൊന്നും പോയിരിക്കാനിടയില്ല. അതിനാൽ ഉടനെ കാര്യം പോലീസിലറിയിച്ചാൽ പുള്ളിയെ പിടിക്കാൻ വലിയ വിഷമമൊന്നും ഉണ്ടാകുകേല വല്യങ്ങുന്നേ!

ജയിം:— പോലീസിലോ . . . ഒരു പാവത്തിനേയോ?

ജസ്റ്റി:— ജീൻ! നീയാണെങ്കിലും ഈ സാഹചര്യത്തിൽ അതു ചെയ്യുന്നു വരും. അതിനാൽ അയാളെ വീണ്ടും പോലീസധീനത്തിലാക്കി ഹൃദയത്തിൻെറ നല്ലവശം മുഴുവൻ മരവിപ്പിച്ചുകളയുന്നതു് ഒരിക്കലും ശരിയല്ല.

ജീൻ:— അവൻ അത്ര നല്ലവനൊന്നുമല്ലങ്ങുന്നേ. അവൻ ഒരു പെരുംകള്ളൻ. മോഷണംതന്നെ തൊഴിലായ കള്ളൻ. അവനെ ഇനിയും ഇങ്ങനെ വെറുതെ വിട്ടാലോ.

ജസ്റ്റി:— വെറുതെ വിട്ടാൽ, അവൻെറ തെററിൽ അവൻ ഹൃദയംപൊട്ടി വിലപിക്കും. ശത്രുക്കളോടും നമുക്ക് തിന്മ ചെയ്യുന്നവരോടും സ്നേഹപൂർവ്വം പെരുമാറുകയല്ലെ – ജീൻ! മഹത്തുക്കളുടെ ലക്ഷണം.

ജെയിം:— അതെ അപ്പച്ചാ! അയാൾ പോലീസിലായാൽ വീണ്ടും വളരെ ചീത്തയായിത്തീർന്നെന്നുവരാം.

ജീൻ:— പക്ഷെ കൊച്ചങ്ങുന്നെ ഇത്തരം മനുഷ്യരുമായി സ്നേഹമായി പെരുമാറാമെന്നു വിചാരിക്കുന്നതും . . .

ജസ്റ്റി:— ജീൻ! സാധുക്കളെ ഞെരുക്കുന്ന നിയമവും ആ നിയമപാലകന്മാരുടെ നിർദ്ദയതാഭാവും ആണ് അയാളെ ഒരു

പിശാചാക്കിത്തീർത്തു്. ഇനിയും അയാൾ ആ നരകാസുരന്മാരുടെ കൈയിൽ അകപ്പെട്ടാൽ . . . ഒരു കരിങ്കല്ലായി തീർന്നേക്കും. വേണ്ടാ അയാളെ പോലീസിൽ പിടിപ്പിക്കാൻ പാടില്ല.

ജീൻ:– ഏതായാലും അയാൾ ജനനംമുതലേ കള്ളനായ ഒരു നീചനാണ്. അല്ലെങ്കിൽ – ഹൃദയമെന്ന ഒന്നുള്ളവനായിരുന്നെങ്കിൽ ഇത്ര സ്നേഹത്തോടും സഹതാപത്തോടുംകൂടി പെരുമാറിയ അങ്ങയോട്ട് ഇത്തരത്തിൽ പ്രവർത്തിക്കുമായിരുന്നോ.

ജസ്റ്റി:– ഛെ, ഛെ. നീയൊരു ബുദ്ധിയില്ലാത്തവൻ തന്നെ. ആ സ്വർണ്ണത്തമ്പാലങ്ങൾ എൻേറതായിരുന്നു. എന്നാൽ അതിപ്പോൾ അയാളുടേതാണ്. അങ്ങിനെയാകുകയാണ് വേണ്ടതും. എൻെറ അമ്മ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ആ ഗുണവതിയും അപ്രകാരമേ ആഗ്രഹിക്കുമായിരുന്നുള്ളു എന്നും എനിക്കറിയാം. അതിനാൽ വരൂ. നമുക്കു സമാധാനമായി പോയി ഉറങ്ങാം. (പോകുന്നു)

കർട്ടൻ.

## രംഗം 6.

(പട്ടണത്തിലേക്കുള്ള ഇടുങ്ങിയ പാതയിൽക്കൂടി ജയിൽപുള്ളി പരുങ്ങി പരുങ്ങി പോകുന്നതിനിടക്ക് കാലിടറി നിലംപതിക്കയിൽ പോക്കററിലുണ്ടായിരുന്ന താമ്പാളങ്ങൾ കിലുകിലാ ശബ്ദത്തോടെ തെറിച്ചു താഴെ വീഴുകയും ചെയ്യുന്നു. പെട്ടെന്നു വിസിൽശബ്ദം കേൾക്കുകയാൽ സാധനങ്ങൾ പെറുക്കിയെടുത്ത് ഓടിമറയുന്നു.) പുറകെ രണ്ടു പോലീസുകാരും പ്രവേശിക്കുന്നു.)

പോലീസ്:– (പുള്ളി പോയവഴി ചൂണ്ടിക്കാണിച്ച്) ഇതാ ഈ വഴിക്കാണ് പോയിട്ടുള്ളത്.

1–ാമൻ:– അതൊരു കള്ളൻതന്നെയാണെന്നു തോന്നുന്നു. കൈയിൽനിന്നു എന്തോ താഴെ വീണ ശബ്ദമായിരിക്കണം കേട്ടതു്.

2–ാമൻ:– തീർച്ചയായും (താഴെ കാണിച്ചുകൊണ്ട്) ഇതാ ഇവിടെയാണെന്നു തോന്നുന്നു വീണതു്. പാടു കാണുന്നുണ്ട്.

1—ാമൻ:— വിസിൽകേട്ട് കടന്നതായിരിക്കും. (ജ. പുള്ളിയെ പിൻതുടരുന്നു.) ഇങ്ങോട്ടുതന്നെ പോയിട്ടുള്ളതു്.

2—ാമൻ:— (പോയ ദിക്കു നോക്കി) അതാ, അതാ. നോക്കൂ ആ വളവിൽ ഒരു രൂപം മുമ്പോട്ടുനീങ്ങുന്നതായി തോന്നുന്നു. (എല്ലാവരും നോക്കുന്നു.)

ഇൻസ്പെക്ടർ:— അതെയതെ. അവൻതന്നെയായിരിക്കും. വരൂ നമുക്ക് പിൻതുടരാം. (മൂന്നുപേരും ഓടി മറയുന്നു.)

കർട്ടൻ.

## രംഗം 7.

(ജയിൽ പുള്ളിയെ പിടികൂട്ടുന്നു.)

ഇൻസ്പെക്ടർ:— നിങ്ങൾ ഈ സമയത്തു്?

ജ. പു:— ഞാൻ . . . ഞാൻ . . .

സാർജൻറ്:— ഉം നിങ്ങൾ? പറഞ്ഞേക്കു വേഗം!

ജ. പു:— ഞാൻ . . . ഞാൻ . . .

സാർ:— നിങ്ങളുടെ പേരു്?

ജ. പു:— (പോക്കററ് പിടിച്ചുകൊണ്ടു്) എൻെറ പേർ . . . എൻെറ പേരു്.

1—ാമൻ:— പേരു്—എന്തൊടൊ വിഴുങ്ങുന്നതു്.

ഇൻസ്പെ:— നിങ്ങൾക്കു പേരില്ലെ?

ജ. പു:— പേരോ? പേരു് . . . . ഉണ്ടു് . . . . ഇല്ല. ഒണ്ടു് . . . ണ്ടു്. പേർ.

1—ാമൻ:— ഇയാൾ ഒരു കള്ളൻതന്നെ . . . കള്ളൻ.

ജ. പു:— കള്ളനോ! അല്ല. ഞാൻ കള്ളൻ അല്ല. (വീണ്ടും പോക്കററ് തപ്പി നോക്കുന്നു.)

ഇൻസ്പെ:— ആകട്ടെ നിങ്ങളുടെ പാസ്പോർട്ടു്.

ജ. പു:— എൻെറ പാസ്പോർട്ടൊ? പാസ്പോർട്ടു ഈ—ഈ.

1—ാമൻ:— ഈ—ഈ. ഊ—ഊ. നിനക്കു എന്തടാ ഇത്ര പരുങ്ങൽ?

2–ാമൻ:– കാണിക്ക് പാസ്പോർട്ട്!

ജ. പു:– പാസ്പോർട്ട്–ഞാൻ—(പോക്കററിൽ പിടിമുറുക്കുന്നു.)

ഇൻസ്പെ:– പാസ്പോർട്ട ഞാൻ—മ്–സത്യം പറയൂ! നിങ്ങളിപ്പോൾ എവിടെനിന്നു വരുന്നു?

ജ. പു:– ഞാൻ—ഞാൻ— (വീണ്ടും പോക്കററിൽ പിടിക്കുമ്പോൾ തട്ടങ്ങൾമുട്ടി ശബ്ദമുണ്ടാകുന്നു.)

2–ാമൻ:– ഇതാ നമ്മൾ കേട്ട ശബ്ദം?

ഇൻസ്പെ:– (ചുററും നോക്കുന്നു) എവിടെ? എവിടെ?

1–ാമൻ:– അയാളുടെ പോക്കററിൽതന്നെയായിരിക്കണം.

ജ. പു:– (പോക്കററിൽനിന്നു കയ്യെടുത്ത്) ഇല്ല. ഇല്ല. ശബ്ദമോ? ശബ്ദം. എന്തു ശബ്ദം? (ഒന്നും അറിയാത്തവനെപ്പോലെ നിൽക്കുന്നു.)

ഇൻസ്പെ:– (പുള്ളിയെചൂണ്ടിക്കാണിച്ചു) ഇയാളുടെ ട്രൌസർ പോക്കററ് പരിശോധിക്കുക.

1–2:– (കൂടി പോക്കററ് പരിശോധിക്കുന്നു. ജ. പുള്ളി പോക്കററ് ബലമായി പിടിച്ച്) ഇല്ല. ഇല്ല. പോക്കററിൽ ഒന്നുമില്ല . . . ഒന്നുമില്ല.

2–ാമൻ:– അനങ്ങിപ്പോയാൽ . . . (ഗൌരവം ഭാവിക്കുന്നു) നില്ക്കവിടെ!

1–ാമൻ:– (പോക്കററിൽനിന്നു ബലമായി തട്ടങ്ങൾ എടുക്കുന്നു.) കള്ളൻ–കള്ളൻതന്നെ. നിർച്ചയായും കട്ടതുതന്നെ.

ഇൻസ്പെ:– എടോ നിങ്ങൾ ഇന്നലെ എവിടെ താമസിച്ചിരുന്നു? സത്യം പറഞ്ഞില്ലെങ്കിൽ കൊന്നുകളയും, ഓർത്തോളൂ?

ജ. പു:– ഞാൻ . . . ഞാൻ . . .

2–ാമൻ:– മ് പറഞ്ഞേക്ക്. ഞാൻ . . .

ജ. പു:– ഞാൻ . . . ജസ്റ്റിസിൻെറ.

ഇൻസ്പെ:– ജസ്റ്റിസ് മാനേഴ്സിൻെറ വീട്ടിലോ.

1–ാമൻ:– അപ്പോൾ നിങ്ങൾ അദ്ദേഹത്തിൻെറ...

ജ. പു:– ഞാൻ അദ്ദേഹത്തിൻെറ . . . ഞാൻ അദ്ദേഹത്തിൻെറ.

2–ാമൻ:– നിങ്ങൾ അദ്ദേഹത്തിൻെറാ . . ?

സാർജൻറ്:— എന്തിനു സംശയിക്കുന്നു. ഇയാളെ അങ്ങോട്ടു കൊണ്ടുപോകുകതന്നെ. അപ്പോൾ ചെമ്പു തെളിയുമല്ലോ.

ജ. പൃ:— വേണ്ട . . . വേണ്ട . . . അദ്ദേഹത്തിൻെറ പക്കൽ . . . . ഞാൻ ഒന്നും . . . .

1—ാമൻ:— ഇയാൾ ഇതവിടുന്നു മോഷ്ടിച്ചതുതന്നെ. അതാണ് അങ്ങോട്ടുപോകാൻ ഇത്രവളരെ മടി.

2—ാമൻ:— എടോ ഇനി ശബ്ദമുണ്ടാക്കുകയോ ബലം പ്രയോഗിക്കുകയോ ചെയ്താൽ അനുഭവം വെറേയായിരിക്കും.

സാർ:— ഉം. നടക്കട്ടെ വേഗം.

ജ. പൃ:— എങ്ങോട്ട്?

1—ാമൻ:— ജസ്റ്റിസ് അദ്ദേഹത്തിൻെറ . . .

ജ. പൃ:— വേണ്ട...വേണ്ട...

2—ാമൻ:— ഷട്ടപ്പ്—അതു ഞങ്ങളാണ് നിശ്ചയിക്കേണ്ടതു്—മ്—നടക്ക് വേഗം.

1—ാമൻ:— എടോ നടക്കാൻ പറഞ്ഞാൽ നടന്നേക്കണം.

ജ. പൃ:— (ഓരോരുത്തരുടെയും മുഖത്തു മാറിമാറി നോക്കി) ഞാൻ...ജസ്റ്റിസിൻെറ വീട്ടിൽ...ഞാൻ... (വിവിധ വികാരവിവശനായി മനസ്സില്ലാമനസ്സോടെ നിന്നു പോകുന്നു.)

കർട്ടൻ.

## രംഗം 8.

(ജസ്റ്റിസ് പ്രാർത്ഥനാനിരതനായും ജെയിംസ് ചിന്താമഗ്നനായും ജീൻ അക്കുമിക്കും എന്തിനേയോ പ്രതീക്ഷിച്ചെന്നോണവും കാണപ്പെടുന്നു)
(വാതില്ക്കൽ ആരോ മുട്ടുന്ന ശബ്ദം...)

ജസ്റ്റി:— (തലയുയർത്തി ശാന്തസ്വരത്തിൽ) കടന്നുവരാം.

ഇൻസ്പെ:— (പ്രവേശിച്ചു ജസ്റ്റിസിനെ സല്യൂട്ടുചെയ്തു) ഞങ്ങൾ അങ്ങേക്കു ഒരു കാഴ്ച കൊണ്ടുവന്നിട്ടുണ്ട്.

ജസ്റ്റി:— (പുഞ്ചിരിയോടെ) കാഴ്ചയോ എന്താണതു്?

ഇൻസ്പെ:— (പോലീസുകാരോട് പുള്ളിയെ കൊണ്ടുവരാൻ പറയുന്നു.) (ജ. പുള്ളിയെ കൊണ്ടുവരുന്നു. 3 പേരും കണ്ടുമുട്ടുമ്പോൾ വണങ്ങുന്നു.)

ജീൻ:— ഇയാൾ......

ജസ്റ്റി:— (പെട്ടെന്നു ഇടക്കു കയറി) എന്ത്? എന്താണിത്? ഇദ്ദേഹം...

ഇൻസ്പെ:— അങ്ങേയ്ക്കു അത്ഭുതം തോന്നുന്നതായിരിക്കും. എങ്കിലും ഞങ്ങൾ ഇയാളെ പിടിക്കുകതന്നെ ചെയ്തു.

ജസ്റ്റി:— പിടികൂടുകയോ? എന്തിന്നു?

ഇൻസ്പെ:— മോഷണക്കുററത്തിന്ന്. ഇയാൾ വഴിയിലൂടെ പതുങ്ങി ഓടുന്നതു കണ്ടു ഞങ്ങളുടെ ചോദ്യങ്ങൾക്കൊന്നിന്നും ശരിയായ ഉത്തരവും തന്നില്ല. അതിനാൽ ദൈവസഹായം തന്നെ. ഇയാൾ വളരെ ശക്തനും ദുഷ്ടനുമാണെങ്കിലും ഞങ്ങൾക്കു പിടിക്കാൻ കഴിഞ്ഞു.

ജസ്റ്റി:— എനിക്കിതു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇദ്ദേഹം എൻെറ ഉത്തമസ്നേഹിതനാണല്ലോ. പിന്നെ... (ജ. പുള്ളിയും ഇൻസ്പെ. ഒരുപോലെ അത്ഭുതത്തോടെ ജസ്റ്റിസിനെ നോക്കുന്നു. ജയിൽപുള്ളി വീണ്ടും ലജ്ജാഭാരത്താൽ കുനിഞ്ഞു നില്ക്കുന്നു.)

ജസ്റ്റി:— (ഇൻസ്പെക്ററുടെ നിലപാടും നോട്ടവും കണ്ടിട്ട്) എന്ത്? എന്താണ്. നിങ്ങളിങ്ങനെ നോക്കുന്നത്.

ഇൻസ്പെ:— ഇയാൾ അങ്ങയുടെ സ്നേഹിതനോ? ഈ മോഷ്ടാവോ?

ജസ്റ്റി:— ഇൻസ്പെക്ടർ! (ഗൌരവസ്വരത്തിൽ)

ഇൻസ്പെ:— (ക്ഷമാപണശബ്ദത്തിൽ) ക്ഷമിക്കണം അങ്ങുന്നേ. (പോക്കററിൽനിന്നു താലങ്ങൾ കാണിച്ചുകൊണ്ട്) അപ്പോൾ ഈ സ്വർണ്ണത്തളികങ്ങൾ...?

ജ. പു:— (ജസ്റ്റിസിനെ ദീനഭാവത്തിൽ നോക്കുന്നു.)

ജസ്റ്റി:— ഞാൻ ഇദ്ദേഹത്തിന്നു കൊടുത്തതാണ്. ഇദ്ദേഹം എൻെറ ആത്മസുഹൃത്തുമാണ്.

ഇൻസ്പെ:— ആത്മസുഹൃത്തോ?

ജസ്റ്റി:— അതെ, സംശയം എന്തിന്നു. ആത്മസുഹൃത്തു തന്നെ, ഇക്കഴിഞ്ഞ രാത്രി ഇദ്ദേഹം ഇവിടെ എന്നോടൊന്നിച്ചു

ണ്ടായിരുന്നു. സ്വർണ്ണത്താമ്പാളങ്ങൾ അപ്പോൾ ഞാൻ അദ്ദേഹത്തിനു കൊടുത്തതുമാണ്.

ജീൻ:- (നീരസത്തോടെ ജ. പുള്ളിയെ നോക്കുന്നു. ജസ്റ്റിസിനോടായി) അങ്ങുന്നെ...

ജസ്റ്റി:- ജീൻ!

ഇൻസ്പെ:- ക്ഷമിക്കണേ അങ്ങുന്നേ. ഞങ്ങൾക്കു തെററു പററിപ്പോയി. ഞങ്ങൾ ഇയാളെ അറസ്റ്റ് ചെയ്യാനുള്ള മൽപിടുത്തത്തിൽ ഇയാളുടെ പോക്കററിൽനിന്നു തെറിച്ചു താഴെ വീണതാണ് ഇവ! അങ്ങയുടെ പക്കൽവച്ചു ഈ സ്വർണ്ണത്തട്ടങ്ങൾ കണ്ടിട്ടുള്ള കാര്യം അപ്പോൾ ഞങ്ങൾ ഓർത്തു. അങ്ങനെ വാസ്തവം അറിഞ്ഞു വേണ്ടതു ചെയ്യാൻ ഞങ്ങൾ തയ്യാറായി വന്നതാണ്.

ജസ്റ്റി:- അതേതായാലും നന്നായി. (ശാന്തതയോടെ) നിങ്ങളുടെ ഉത്തരവാദിത്വബോധത്തെ ഞാൻ അഭിനന്ദിയ്ക്കുകയും ചെയ്യുന്നു. എല്ലാകാര്യങ്ങളിലും സത്യം അറിഞ്ഞു പ്രവൃത്തിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നതു നന്നായിരിക്കുന്നു. ഇപ്പോൾ വാസ്തവം ഗ്രഹിച്ചിരിക്കയാൽ നിങ്ങളുടെ തടവുകാരനായ ഇദ്ദേഹത്തെ നിങ്ങൾ വിട്ടയക്കുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു.

ഇൻസ്പെ:- പക്ഷേ — അയാൾ അയാളുടെ പാസ്പോർട്ടു ഞങ്ങളെ കാണിക്കുകയാകട്ടെ അയാൾ ആരാണെന്നു പറയുകയാകട്ടെ ചെയ്തിട്ടില്ലല്ലോ.

ജസ്റ്റി:- ഞാൻ പറഞ്ഞല്ലോ — അദ്ദേഹം എൻെറ സ്നേഹിതനാണെന്ന്.

ഇൻസ്പെ:- അതു പരമാർത്ഥം. എങ്കിലും...

ജസ്റ്റി:- ഒന്നുമാത്രം ധരിച്ചാൽ മതി. അദ്ദേഹം നിങ്ങളുടെ ജസ്റ്റിസിൻെറ സുഹൃത്താണ്. അതിൽ കൂടുതൽ ഒരു തെളിവും ഇക്കാര്യത്തിൽ നിങ്ങൾ അന്വേഷിക്കേണ്ട. (ജസ്റ്റിസ് അധികാരപൂർവ്വം ഇൻസ്പെക്ടരെ നോക്കുന്നു.)

ഇൻസ്പെ:- അവിടുത്തെ ഇഷ്ടം. (പോലീസിനോട്) ഇയാളെ വിട്ടയക്കുക.

പോലീ:- ഉത്തരവ്. (ബന്ധനവിമുക്തനാക്കുന്നു) ഇൻസ്പെക്ടരും പോലീസും സല്യൂട്ടുചെയ്തു പോകുന്നു. (ആരും ആരും സംസാരിക്കാൻ ശക്തരാകുന്നില്ല) ജസ്റ്റിസ് പ്രശാന്തഗംഭീരനായി അങ്ങിനെ നിൽക്കുന്നു.

ജ. പുള്ളി:— (ഒരു സ്വപ്നത്തിൽനിന്നു ഉണരുന്നെന്നോണം) പ്രഭോ! അങ്ങ് അവരോടു പറഞ്ഞു ഞാൻ അങ്ങയുടെ ആത്മസുഹൃത്താണെന്നും, ഈ തട്ടങ്ങൾ അങ്ങുതന്നെ എനിക്ക് തന്നതാണെന്നും; അങ്ങിനെ വീണ്ടും ഞാൻ വീണേക്കാമായിരുന്ന ആ നരകത്തിൽനിന്നും അങ്ങെന്നെ രക്ഷിച്ചു. ഹൊ! അങ്ങയുടെ അറുതിയില്ലാത്ത കാരുണ്യം.

ജസ്റ്റി:— അല്ല. ദൈവകരങ്ങളുടെ വാത്സല്യപൂർണ്ണമായ തലോടൽമാത്രം. സ്നേഹിതാ! ഖേദിക്കാതെ ശാന്തമായിരിക്കൂ.

ജിൻ:— (തട്ടങ്ങൾ എടുത്തു മാറിൽചേർത്തു ഇതര കരം ജ. പുള്ളിയുടെനേക്കു നീട്ടി) നീചൻ, നീചാ, നീചൻ. എന്തൊരു നീചത്വം. നിരാധാരനായി അലഞ്ഞുതിരിഞ്ഞു വന്നവന് അഭയം കൊടുത്തതിൻെറ കയ്പുനിറഞ്ഞ ഫലം. നിങ്ങളുടെ ഉപകാരിയുടെ പക്കൽനിന്നുതന്നെ നിങ്ങൾ മോഷ്ടിച്ചു. ഇനി നിങ്ങളെ ഒരു നിമിഷം...

ജസ്റ്റി:— ജിൻ നീ ആലോചനയില്ലാതെ സംസാരിക്കുന്നു. നീ നിൻെറ ജോലിക്കു പോകൂ. മ്—വേഗം......

ജിൻ:— ഞാൻ പൊയ്ക്കൊള്ളാമെ. അങ്ങയെ അങ്ങനെ വിട്ടുപോയാൽ ഇയാൾ വല്ല അപകടവും...

ജസ്റ്റി:— (ജിനിനെ പരുഷമായി നോക്കി) ജിൻ? നീ അപകടത്തിലും എനിക്കു തുണയായിരിക്കേണ്ടവനാണെങ്കിലും ഇപ്പോൾ നീ അപ്പുറത്തേക്കു പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ജിൻ മനമില്ലമനസ്സോടേ പോകാൻ ഭാവിക്കുന്നു.)

ജിൻ:— ഞാൻ ഈ സ്വർണ്ണത്തട്ടങ്ങൾകൂടി...

ജസ്റ്റി:— ജിൻ. നീ ആ തട്ടങ്ങൾ അവിടെവെച്ചിട്ടു പോകൂ. മ്—വേഗം... (ജിൻ ഭഗ്നാശനായി പോകുന്നു.)

ജ. പു:— (അഭിമാനവും ആനന്ദവും കലന്ന സ്വരത്തിലും മട്ടിലും) അങ്ങുന്നേ! (കാലിൽകെട്ടി വീണിട്ട്) എൻെറ ആഹ്ളാദം അങ്ങിനെ കരകവിയുകയാണ്. എനിക്കിന്നു ആനന്ദത്തിൻേറയും വിമോചനത്തിൻേറയും ദിവസമാണ്. ഞാൻ ഈ തട്ടങ്ങളുംകൊണ്ട് ഇനി ഒരിടത്തും പൊയ്ക്കളയുകയില്ല. ഞാൻ ലോകം മുഴുവനിലും അന്വേഷിച്ചിട്ടും കാണാത്തതു് ഇന്നിവിടെ കണ്ടുകിട്ടി. യഥാർത്ഥമനുഷ്യത്വം! എന്നെന്നും അതു് ഈ ഭൂമുഖത്തു്

ഉണ്ടെന്നു അങ്ങെന്നെ ബോദ്ധ്യപ്പെടുത്തി. എൻെറ ആയുശ്ശിഷ്ടം അങ്ങേക്കുവേണ്ടിയും അങ്ങേ സേവിക്കുവാനും ഞാൻ വിനിയോഗിക്കുവാൻ എനിക്കിടവരുന്നെങ്കിൽ ഹാ! എനിക്കെത്ര ആനന്ദം ആയിരിക്കും?

ജസ്റ്റി:— കൊള്ളാം, അതാണ് നിങ്ങൾക്കിഷ്ടമെങ്കിൽ സന്തോഷപൂർവ്വം ഞാൻ അനുവദിച്ചിരിക്കുന്നു. ഇന്നുമുതൽ നിങ്ങൾ ഇവിടുത്തെ അന്തേവാസികളിൽ ഒരാളായിരിക്കും. സന്തോഷമായിരിക്കുക. എൻെറ മകൻ ജെയിംസിനും ഞങ്ങളുടെ ഭൃത്യൻ ജിന്നിനും നിങ്ങൾ എന്നും തുണയും മാതൃകയും ആയിത്തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

ജ. പുള്ളി:— ലോകത്തിൽ നല്ലതു ഒന്നുമുണ്ടെന്നു വിശ്വസിക്കാത്ത ഒരുവനാണ് ഞാൻ. നരകത്തിലെ പിശാചുക്കളേക്കാൾ ഭയങ്കരന്മാരാണ് ഇന്നു ലോകത്തിലുള്ള മനുഷ്യർ. പക്ഷെ അങ്ങയിൽ മാത്രമാണ് എൻെറ ഈ ജീവിതത്തിനിടക്ക് ഞാൻ ഒരു മനുഷ്യനെ കണ്ടത്. ഹൊ! ദീനാനുകമ്പയില്ലാതെ ഹൃദയം മരവിച്ച മനുഷ്യപിശാചുക്കളെക്കൊണ്ട് സാധാരണക്കാരൻെറ അവശത വർദ്ധിക്കുന്നതേയുള്ളൂ. അവരൊക്കെ അങ്ങയെപ്പോലുള്ള ഹൃദയാലുക്കളെ കണ്ടുപഠിച്ചിരുന്നെങ്കിൽ... (മൌനം) നീതിയേയും സത്യത്തേയും കൊല്ലുന്ന ഇന്നത്തെ ലോകത്തിന്ന് സത്യമായ നീതിയുടെ വെളിച്ചം അങ്ങിൽ മാത്രമാണ് ഞാൻ കാണുന്നതു്. അതിനാൽ സ്വാമിൻ! എൻെറ അറിവുകേടുകൊണ്ടും ജീവിതനൈരാശ്യത്താലും അങ്ങയോടുതന്നെയും ചെയ്ത സകല തെററുകളും അങ്ങു ക്ഷമിച്ച് എനിക്കു മാപ്പുതരിക. അങ്ങയുടെ അന്തമില്ലാത്ത കാരുണ്യം ഒരു ക്ഷണനേരംകൊണ്ട് എന്നെ ഇതാ ഒരു മനുഷ്യനാക്കി രൂപാന്തരപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. (അയാൾ കാല്ക്കൽ കെട്ടിവീണു തെരുതെരെ ചുംബിക്കുന്നു.)

ജസ്റ്റി:— അരുതു്, അരുതു്. (എന്നു തോളിൽ പിടിച്ച് ആശ്ലേഷിച്ചുപോകുന്നു.)

കർട്ടൻ.

## രംഗം 9.

(കാലസിൻെറ കൊട്ടാരം. കാലസ്-സിംഹാസന സദൃശ്യമായ കസേരയിലും, സമീപം ജസ്റ്റിസ് മാനേഴ്സ് ഇരുന്നും കാണപ്പെടുന്നു.)

കാലസ്:- കൊള്ളാം, കാലാനുകൂലമായ പരിഷ്കാരത്തിൽ അനുദിനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ മെക്സിക്കോ, ലോകത്തിന്നുതന്നെ ഒരു മാതൃകയായിത്തീരത്തക്കവണ്ണം നിഷ്പക്ഷവും, നിസ്തുലവുമായ നീതി പ്രവൎത്തിക്കുന്നതിൽ ഒരിക്കലും പിന്നണിയിലായിക്കൂടാ. നമ്മുടെ രാഷ്ട്രത്തിൻെറ പുരോഗതിയായിരിക്കണം, ഒരു പുൽക്കൊടി മുതൽ നാമാകുന്ന പരമാദ്ധ്യക്ഷൻവരെയുള്ളവരുടെ ഏകലക്ഷ്യം. അതിന്ന് മാൎഗ്ഗവിഘ്നം വരുത്തുന്ന ആരെയും നമ്മുടെ സ്വന്തം രക്തജാതരെപ്പോലും നിശിതമായ നിയമഹസ്തത്തിൻെറ വിധേയത്വത്തിൽനിന്നും വിട്ടുത്തിക്കൂടാ.

ജസ്റ്റി:- തിരുമേനി! സത്യവും ന്യായവും മനുഷ്യൻെറ മൌലികാവകാശമായ വ്യക്തിത്വവും മാനിക്കപ്പെടത്തക്കവിധം നമ്മുടെ ഭരണകൂടം യഥാവിധി പുരോഗമിക്കണമെന്നുതന്നെയാണ് നമ്മുടെ പ്രിയപ്പെട്ട ജനങ്ങളുടേയും അഭിലാഷം.

കാല:- അതൊക്കെ സമ്മതിക്കത്തക്കതുതന്നെ. പക്ഷെ രാഷ്ട്രത്തിൻെറ സുഗമവും സുഭഗവും കൎശനവുമായ പുരോഗതിക്കു മുമ്പിൽ വ്യക്തിത്വമാഹാത്മ്യത്തിന്ന് ദ്വിതീയസ്ഥാനം മാത്രമെ നൽകാൻ പാടുള്ളു. യാതൊരുവിധ പ്രത്യേക താല്പൎയ്യങ്ങൾക്കും—വ്യക്തികളുടേതോ, സമുദായങ്ങളുടേതോ ഏതുമാകട്ടെ—വേണ്ടി രാഷ്ട്രത്തിൻെറ താല്പൎയ്യം ബലികഴിക്കപ്പെടുകയൊ, വിളംബപ്പെടുകയൊ ചെയ്യപോകരുത്. മറിച്ച് കാരണക്കാരാകുന്ന വ്യക്തികളോ, സമുദായങ്ങളോ രാഷ്ട്രത്തിൻെറ അനിഷേധ്യമായ ആജ്ഞാശക്തിക്കു മുമ്പിൽ കൊടുങ്കാററിൽ പഞ്ഞിപോലെ പറന്നു മാഞ്ഞുപോകുമെന്ന വസ്തുതയും മറന്നുകളയരുത്.

ജസ്റ്റി:- അതേസമയംതന്നെ തിരുമേനി! മനുഷ്യൻെറ മൌലികമായ അവകാശങ്ങൾ നിൎബാധം അനുവദിച്ചും അനുകൂലിച്ചും നിൽക്കുന്ന ഗവൎമ്മേണ്ടിന്നുമാത്രമെ ഒരു പരിഷ്കൃത ഗവൎമ്മേണ്ടിൻെറ നാമകരണത്തിന്നുപോലും അവകാശമുള്ളു.

കാല:— താങ്കൾ പറയുന്ന മററെല്ലാകാര്യങ്ങളും എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഇപ്പോൾ പറഞ്ഞ മൌലീകാവകാശങ്ങളെന്തൊക്കെയാണെന്നു ഞാൻ എത്ര ആലോചിച്ചിട്ടും ഒരു പിടിയും കിട്ടുന്നില്ല.

ജസ്റ്റി:— തിരുമേനി! തെററിദ്ധരിക്കരുത്. മതത്തിനും, സന്മാർഗ്ഗസദാചാരങ്ങൾക്കും, ദൈവത്തിനും സ്ഥാനമില്ലാത്ത ഏതു രാഷ്ട്രങ്ങളും അവയൊക്കെ ജീവനേക്കാൾ വിലമതിക്കത്തക്കതായി കരുതുന്ന ജനസമുദായത്തിൻെറ ദൃഷ്ടിയിൽ അസ്വാതന്ത്ര്യവും അസ്വസ്ഥവുമായ കാരാഗൃഹങ്ങൾക്കു തുല്യമാണെന്നു പറയുമ്പോൾ.

കാല:— (ക്രുദ്ധനായി സിംഹാസനത്തിൽനിന്നു എഴുന്നേററു) നിറുത്തു. ഇത്തരം വാദപ്രതിവാദങ്ങൾക്കുവേണ്ടി വൃഥാ ചിലവഴിക്കുവാനുള്ളതല്ല, നമ്മുടെ വിലയേറിയ സമയം. നിങ്ങളും നിങ്ങളുടെ സദാചാരദൈവങ്ങളും! നമ്മുടെ തോളിലിരുന്നുകൊണ്ട് കാതു കരളുകയായിരുന്നു; നിങ്ങൾ ഇതേവരെ ചെയ്തിരുന്നതെന്ന് ഇപ്പോൾ നമുക്ക് പൂർണ്ണബോദ്ധ്യമായിരിക്കുന്നു. ഇത്രയും കാലം നമ്മേ കബളിപ്പിച്ചതു മതി. മേലിൽ ഈ ദുരുദ്ദേശ്യത്തിന് നമ്മുടെ കൈകളിൽ അധികാരം ഉള്ളിടത്തോളം നാം കാലം അനുവദിച്ചുതരുവാൻ പോകുന്നില്ല.

ജസ്റ്റി:— അങ്ങ് എന്നെ തെററിദ്ധരിക്കുന്നു...

കാല:— അല്ല. ഇതുവരെയും നിങ്ങളെ നാം തെററിദ്ധരിച്ചിരുന്നു. എന്നാൽ ഇപ്പോൾ ശരിയായി ധരിച്ചുകഴിഞ്ഞു. നിങ്ങളും നിങ്ങളുടെ പുത്രനും ദൈവത്തിലും മതത്തിലും വിശ്വസിക്കുകയും, പ്രസ്തുത ആദർശം മററുള്ളവർക്കുകൂടി പ്രചോദനം കൊടുക്കത്തക്കനിലയിൽ പുലർത്തിവരികയും ചെയ്യുന്നതായി നമുക്ക് ഗ്രഹിക്കാൻ കഴിഞ്ഞിരിക്കുന്നു. അതിനാൽ...

ജസ്റ്റി:— തിരുമേനി ക്ഷമിപ്പാറാകണം. അതെൻെറ വ്യക്തിപരമായ ജീവിതചര്യയെ ബാധിക്കുന്ന കാര്യമാണ്. അതിൽ കൈകടത്തുന്ന അങ്ങയുടെ ഉദ്ദേശം അതെത്രതന്നെ അഭികാമ്യമായിരുന്നാലും എനിക്കാവശ്യമില്ല. എൻെറ ഉദ്യോഗം ഇതാ ഞാൻ രാജിവെയ്ക്കുന്നു. എൻെറ രാജി സ്വീകരിച്ച് എന്നെ പിരിച്ചയച്ചാലും!

കാല:— പക്ഷെ, ആദ്യമായും അവസാനമായും നിങ്ങൾ നമ്മുടെ ഒരു പ്രജയാണെന്നുള്ള കാര്യം മറന്നുകളയുന്നു?

ജസ്റ്റി:— തിരുമേനി! അക്കാര്യം എന്റെ സ്മരണയിൽ വച്ചുകൊണ്ടുതന്നെയാണ് ഞാൻ ഇത് സംസാരിക്കുന്നത്.

കാല:— അങ്ങിനെയെങ്കിൽ മെക്സിക്കോയുടെ ചക്രവർത്തി എന്ന നിലയിൽ നാം ആജ്ഞാപിക്കുന്നു. നിങ്ങളും പുത്രനും നമുക്കും നമ്മുടെ ഗവമ്മേണ്ടിനും അനുസരണമായ വിധം പെരുമാറാത്തപക്ഷം അതിന്റെ തിക്തഫലം അനുഭവിക്കാൻ കൂടി തയ്യാറായിക്കൊള്ളണമെന്ന്.

ജസ്റ്റി:— മതത്തിനും ദൈവവിശ്വാസത്തിനുംവേണ്ടി ജിവത്യാഗബലി സമർപ്പിക്കാൻവരെ സർവ്വഥാ സന്നദ്ധരാണ് തിരുമേനി ഞങ്ങൾ. അതിനാൽ നടക്കട്ടെ അങ്ങയുടെ നിശിതമായ നീതിഖഡ്ഗത്തിന്റെ നിരന്തരപ്രവർത്തനം. ഞങ്ങളുടെ കരളും കണ്ഠനാളങ്ങളും ആ ദിവ്യവിനാഴികക്കുവേണ്ടി ഇതാ കാത്തിരിക്കുന്നു.

കാല:— (എഴുന്നേററ് അങ്ങും ഇങ്ങും നടന്നുകൊണ്ട്) നാം നിങ്ങളെ അതിരുകടന്നു സ്നേഹിച്ചു. നമ്മുടെ നീതിന്യായക്കോടതിയുടെ പരമാദ്ധ്യക്ഷപദത്തിലേക്കുപോലും നിങ്ങളെ നാം നിയോഗിച്ചു. നമ്മുടെ അനുദിന ഭരണകാര്യങ്ങളിൽപോലും നിങ്ങളുടെ ഉപദേശത്തിന് നാം പ്രഥമഗണന നൽകി. എന്തിന് നമ്മുടെ ആത്മാവും ജിവനുംപോലെ നാം നിങ്ങളെ കരുതി. ഒടുവിൽ ... (വേഗത കൂടുന്ന നടത്തത്തിനു) നമ്മുടെ പ്രതീക്ഷ മുഴുവൻ തകൎന്നു തരിപ്പണമായിപ്പോയി. കഷ്ടം... (മൌനം) നിങ്ങൾക്ക് എന്നോടും നിങ്ങളുടെ പുത്രനോടും നിങ്ങളോടുതന്നെയും സ്നേഹമില്ലെന്നോ...ഒന്നാലോചിച്ചുനോക്കു!

ജസ്റ്റി:— തിരുമേനി! മതവിശ്വാസത്തേയും ദൈവചിന്തയേയും പണയപ്പെടുത്തുന്ന യാതൊരു സ്നേഹത്തിനും എന്നെ പ്രലോഭിപ്പിക്കാൻ കഴിയുന്നതല്ലെന്നു അങ്ങു മനസ്സിലാക്കിയിരുന്നെങ്കിൽ...!

കാല:— നിങ്ങളും നിങ്ങളുടെ മതവിശ്വാസവും... പൊയ്ക്കോ എന്റെ കൺമുമ്പിൽനിന്നു...മ്...എനിക്ക് നിങ്ങളെ കാൺകയെ വേണ്ട...

ജസ്റ്റി:— യാതൊരുവിധ ഭയപ്പാടും മനക്കലക്കവുംകൂടാതെതന്നെ ഞാൻ അങ്ങയുടെ മുമ്പിൽനിന്നു പൊയ്ക്കൊള്ളാം. പക്ഷെ ഒന്നുകൂടി വീണ്ടും എനിക്ക് പറയുവാനുള്ളത് അങ്ങയുടെ ഏതുവിധ നിശിതമർദ്ദനങ്ങൾക്കും ഞങ്ങളുടെ അടിയുറച്ച മതവിശ്വാസത്തിന്റെ അണിക്കല്ലിന് ഇളക്കംവരുത്താൻ സാധിക്കുകയില്ലെന്നുള്ളതാണ്.

കാലः— പ്രസംഗിക്കാനല്ല പറഞ്ഞത് പോകാൻ. മ്...വേഗം...ഇനി ഒരു ക്ഷണനേരംപോലും നിങ്ങളെ ഇവിടെ കാണരുത്...മ്......

ജസ്റ്റി:— അവിടുത്തെ തിരുവുള്ളം. (ചിന്താവിവശനായി പോകുന്നു.)

കാല:— (കുറെനേരം ചിന്താമഗ്നനായിരിക്കുന്നു. അനന്തരം എഴുന്നേററ്) വേണ്ട. ഈ തീക്കളി നമ്മോടു വേണ്ട. ക്ഷുദ്രമതവിശ്വാസത്തിന്റെ നശ്വരതയെ വാനോളം വാഴ്ത്തുന്ന അന്തസ്സാരശൂന്യരായ മനുഷ്യരാശികൾ! അവർ, ഇരുമ്പുപോലെ ഉറച്ചുപൊഴുന്ന കാലസിന്റെ ഹൃദയകാഠിന്യത്തിന്റെ മുമ്പിൽ കരിഞ്ഞുവീഴുന്ന കാട്ടുപൂക്കൾപോലെ ദുർബലങ്ങളാണെന്ന കാര്യം മറന്നുകളയുന്നതുപോലെ തോന്നുന്നു. പ്രതാപശാലിയും സർവ്വശക്തനുമായ കാലസ്സുള്ളപ്പോൾ മെക്സിക്കോയിൽ മറെറാരു ദൈവത്തിന്റെ ആവശ്യമെന്തിന്? മനുഷ്യന്റെ സങ്കല്പശക്തിയിൽ രൂപംകൊണ്ടിരിക്കുന്ന ദൈവം, അവന്റെ ആരാധനയ്ക്കും ആശ്രയത്തിനും അവകാശിയാണുപോലും! അന്ധവിശ്വാസത്തിന്റെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന അവൻ വിജ്ഞാനത്തിന്റെ വെളിച്ചം വീശുന്ന രശ്മികളുടെനേരെ ദയനീയമായി കണ്ണടച്ചുകളയുന്നു. അതിനാൽ നാം തീരുമാനിച്ചുകഴിഞ്ഞ അതേ വസ്തുത വീണ്ടും ലോകസമക്ഷം പ്രഖ്യാപനം ചെയ്യുവാൻ നാം നിർബന്ധിതനായിക്കഴിഞ്ഞിരിക്കുന്നു. മെക്സിക്കോയുടെ ദൈവം—നാമാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ശാസനം ദൈവശാസനങ്ങളേക്കാളും വിലമതിക്കത്തക്കതും അലംഘ്യവുമായിരിക്കണം. നമ്മുടെ അതിനിശിതമായ ആജ്ഞയെ അനുസരിക്കാത്ത വ്യക്തി ആരായിരുന്നാലും അടുത്ത നിമിഷം അവന്റെ ജീവൻ നമ്മുടെ കാട്ടുതീപോലെ പടർന്നുപിടിക്കുന്ന ക്രോധാഗ്നിയിൽ ചാമ്പലായിത്തന്നെ തീരണം. ദൈവത്തിന്റെ പേരിൽ പണം പിടുങ്ങി കാലക്ഷേ

പം ചെയ്യുന്ന ഒരൊററ ജീവിയും ഈ മെക്സിക്കോയിൽ ഉണ്ടായിരുന്നുകൂടാ. ദൈവത്തിന്ന് കോട്ടകൊത്തളങ്ങളും മണിമാളികകളും പണിയാൻ മുതിരുന്ന ഒരുവനും ഇവിടെ ജീവിച്ചിരിക്കാൻ അവകാശവുമില്ല. അതല്ല; ഇവയൊക്കെ ഈ സങ്കല്പദൈവങ്ങൾക്ക് അത്യാവശ്യമാണെങ്കിൽ അവരൊക്കെ ഈ ഒരഗ്നിപരീക്ഷയിൽ വിജയം വരിക്കാൻ തയ്യാറാവണം. നമ്മുടെ കരുത്തുള്ള കരങ്ങളെ അതിജീവിക്കാൻ സന്നദ്ധരായിരിക്കണം. ഒരു ദൈവവും യാതൊരു മതങ്ങളും നമ്മുടെ മണ്ണിൽ വേരു പിടിക്കാൻ നാം അനുവദിക്കുന്നതല്ല. ഒരൊററ ദൈവത്തിനും യാതൊരു ആവാസഗൃഹവും നാം അനുവദിച്ചുകൊടുക്കാൻ പോകുന്നില്ല. അല്ലാത്തപക്ഷം ദൈവം കോപിക്കുമെന്നോ? എന്നാൽ അതാണെനിക്കു കാണേണ്ടതു്? ഏതു ദൈവമാണ് എന്നോട് എതിരിടുന്നതെന്ന് എനിക്കൊന്നു കാണുകതന്നെവേണം. ഇല്ല, ഞാൻ അതു വകവച്ചുകൊടുക്കാൻ പോകുന്നില്ല. അധികാരശക്തിയുടെ ഗരിമാകേന്ദ്രമായ നമ്മുടെ മുമ്പിൽ യാതൊരു ദൈവത്തിനും സ്ഥാനമില്ല. അതിനെതിരായി പ്രവർത്തിക്കുകയോ, വിശ്വസിക്കുകയോ, വിചാരിക്കുകപോലുമോ ചെയ്യുന്ന സകല പുല്ക്കൊടികളെയും കടപുഴക്കി കാററിൽ പറപ്പിക്കാതെ ഞാൻ അടങ്ങുന്നതുമല്ല. അതെ, ഈ ദൈവവിശ്വാസികളെ ഒന്നടങ്കം ഉന്മൂലനം ചെയ്യുകയെന്നതാണ് നമ്മുടെ നിശിതമായ തീരുമാനംതന്നെ. ആരവിടെ?

(ഒരു ഭടൻ പ്രവേശിച്ചു വന്ദിച്ചു)

കാരൻസായോട് ഇവിടെ വരാൻ നാം ആജ്ഞാപിച്ചതായി പറയൂ. (ഭടൻ വന്ദിച്ചു മടങ്ങി. കാരൻസാ പ്രവേശിച്ചു.)

കാരൻ:— (പ്രവേശിച്ചു വണങ്ങുന്നു.)

കാലസ്:— കാരൻസാ! ചീഫ് ജസ്റ്റീസ് മാനേഴ്സിനെ ഉടൻ അറസ്റ്റുചെയ്ത് നാളെ ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് നമ്മുടെ പാലസ്സ് മൈതാനിയിൽവച്ച് വെടിവെച്ചുകൊല്ലാൻ നാം ആജ്ഞാപിച്ചിരിക്കുന്നു.

കാരൻ:— (അത്ഭുതപ്പെട്ട്) തിരുമേനി!...

കാലസ്:— കാരൻസാ! അതു നമ്മുടെ ആജ്ഞയാണ്. മ്—പോയി നിർവ്വഹിക്കൂ—മ്...

കാരൻ:— (മനസ്സില്ലാമനസ്സോടെ) ഉത്തരവ്. (പോയി.)

കർട്ടൻ.

## രംഗം 10.

(മെക്സിക്കോയിലെ ഒരു കൊലക്കളം ജെയിംസ് ആരെയൊ കാത്തുനിന്നോണം അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. അല്പം നടന്ന ശേഷം)

ജെയിം:- എൻെറ പ്രിയപ്പെട്ട പിതാവു് മതത്തിനും ദൈവവിശ്വാസത്തിന്നുംവേണ്ടി മധുരതരമായ മരണത്തെ മാടിവിളിക്കുന്നതിനുള്ള സമയം ഇതാ ആസന്നമായിക്കഴിഞ്ഞു. പത്തുമിനുട്ടുകൾക്കൂടി കഴിയുമ്പോൾ അദ്ദേഹത്തിൻെറ മാടപ്രാവിനു തുല്യമായ നിർമ്മലപ്രാണൻ നിത്യാനന്ദം പ്രാപിപ്പാനുള്ള ചുറുചുറുക്കോടുകൂടി അനശ്വരതയുടെ അനന്തപ്രകാശത്തിലേക്കു് ചിറകു വിടുർത്തി പറന്നേറുന്നതു കാണാം. കാരുണ്യവാനായ ദൈവമേ! അപ്പച്ചൻെറ അതേഭാഗ്യംതന്നെ എനിക്കും കൈവന്നിരുന്നെങ്കിൽ! (അകലെനിന്നു കുറെ കാലടിശബ്ദം കേട്ടു. അതിൽ ശ്രദ്ധ പതിക്കുന്നു.) അതാ! മുഹൂർത്തമായി. പട്ടാളക്കാരുടെ മദ്ധ്യത്തിൽ നീതിക്കുവേണ്ടി ബലി അർപ്പിക്കപ്പെടുവാനുള്ള ആവേശത്തോടുകൂടി അപ്പച്ചനും ഇതാ വരുന്നു. ഇന്നലെവരെ മെക്സിക്കോയിലെ ന്യായാസനപീഠത്തിൻെറ അഗ്രിമസ്ഥാനത്തു് സകലവിധ പ്രതാപങ്ങളോടുംകൂടി വാണിരുന്ന അദ്ദേഹം ഇന്നിതാ ഹൃദയം മരവിച്ച രണ്ടു മനുഷ്യപിശാചുക്കളുടെ ഇടയിൽ ഒരു കൊലയാളിയെപ്പോലെ ആനയിക്കപ്പെടുന്ന ആ കാഴ്ച കരളുള്ളവരെ കരയിക്കുമാറു് അയ്യോ എത്ര ദയനീയമായിരിക്കുന്നു? എങ്കിലും സത്യത്തിനും നീതിക്കുംവേണ്ടിയുള്ള ഈ ത്യാഗബലിക്കു് വിധേയമാകുന്നതുതന്നെ ഏററവും മഹാഭാഗ്യം. (രണ്ടു പട്ടാളക്കാരുടെ മദ്ധ്യത്തിലായി ജസ്റ്റിസ്—പ്രശാന്തഗംഭീരനും, മന്ദഹാസസുന്ദരനും സത്യത്തിൻെറ ഒരു ഉരുക്കുകോട്ടപോലെ സുസ്ഥിരചിത്തനും ആയി പ്രവേശിക്കുന്നു.)

പട്ടാള:- ഹോൾട്ട് (നില്ക്കുന്നു.)

ജെയിം:- ഏററവും പ്രിയപ്പെട്ട അപ്പച്ചാ! (ചെന്നു കാല്ക്കൽ നമസ്കരിക്കുന്നു. ഹൃദയംപൊട്ടുന്ന വേദനയോടും എന്നാൽ ചിത്തധൈര്യം ദ്യോതിപ്പിക്കുന്ന സ്വരത്തിലും രീതിയിലും മകനെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു്) മകനെ! ജെയിംസെ! നിൻെറ പ്രിയപ്പെട്ട പിതാവു്, നിനക്കും നമ്മുടെ കുടുംബത്തിനും ലോക

മൊട്ടാകെ മതത്തിലും, ദൈവത്തിലും വിശ്വസിക്കുന്ന കോടാനു കോടി ജനങ്ങൾക്കും അഭിമാനകാരണമാകത്തക്കവണ്ണം ഇതാ അന്തരിക്കുവാൻ പോകുന്നു. സമാധാനമായിരിക്കുക. എപ്പോഴും നീ ഓർത്തുകൊള്ളണം, നിൻെറ പിതാവ് ഈശ്വരാസ്തിക്യത്തിനും മതവിശ്വാസത്തിനും വേണ്ടി പ്രാണൻ ബലി കൊടുത്തവനാണെന്ന്.

ജെയിം:— എങ്കിലും അപ്പച്ചാ! ഇന്നലെവരെ അവിടുന്നു ചക്രവർത്തി തിരുമനസ്സിലെ കണ്ണിലുണ്ണിയും പ്രത്യേക കാരുണ്യത്തിന് പാത്രവുമായിരുന്നു. എന്നാൽ ഏതാനും മണിക്കൂറുകൊണ്ട്...

ജസ്റ്റി:— കുഞ്ഞേ! ഭരണാധിപന്മാരുടെ ആത്മാർത്ഥതയിൽ നമുക്ക് ഇതിലധികം ഒന്നും വിശ്വസിക്കാനില്ല. എപ്പോഴാണ് അവരുടെ അപ്രീതി നമ്മെ അഭിമുഖീകരിക്കുകയെന്ന് ആർക്കും നിശ്ചയമില്ല. നീതിക്കുവേണ്ടി ഏതവസരത്തിലും മരിക്കാൻ ഒരുക്കമുള്ളവന് ഒന്നിലും ഒരു കലുക്കമുണ്ടാകേണ്ട ആവശ്യവുമില്ല. അതിനാൽ ഇതുതന്നെ നിനക്കും ഒരു പാഠമായിരിക്കട്ടെ. അധികം വിദൂരമല്ലാത്ത ഒരു ഭാവിയിൽ ഇതുപോലെയൊ ഇതിൽ കഠോരതരമായോ ഉള്ള ഒരു പരീക്ഷണത്തിനു നീയും വിധേയനാകയില്ലെന്നു ആരറിഞ്ഞു?

ജെയിം:— അപ്പോൾ ഞാനും അപ്പച്ചൻ എനിക്ക് തുറന്നു തന്നിട്ടുള്ള ഇതേമാർഗ്ഗത്തിലൂടെ ലക്ഷ്യത്തിലെത്തിച്ചേരാൻ വേണ്ടി! എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം കെട്ടോ അപ്പച്ചാ.

ജസ്റ്റി:— തീർച്ചയായും മകനേ! ശാരീരികമായി ഞാൻ നിന്നിൽനിന്നു പിരിഞ്ഞുപോകുന്നെങ്കിലും ആത്മരൂപിയിൽ എപ്പോഴും ഞാൻ നിന്നിൽത്തന്നെയുണ്ടായിരിക്കും. നിനക്ക് മനഃചാഞ്ചല്യമുണ്ടാകുമെന്നു തോന്നുന്ന അവസരങ്ങളിൽ എല്ലാം നീ എന്നെയും എൻെറ ഈ സൽമാതൃകയേയും ഓർക്കുക. എന്നാൽ നീ വിജയിയാകുകതന്നെ ചെയ്യും. എപ്പോഴും നിൻെറ ആത്മാവിനേയും ശരീരത്തേയും കറ പുരളാതെ നീ കാത്തുകൊള്ളുക. മതവിശ്വാസവും ദൈവാസ്തിക്യചിന്തയും നിനക്കും നിൻെറ ജീവനേക്കാൾ സർവ്വോത്തരമായിരിക്കട്ടെ. മകനെ! സമയം അടുത്തുകഴിഞ്ഞു. അതാ മത്സരപരീക്ഷയിൽ വിജയിച്ചതിനുള്ള സമ്മാനശതങ്ങളുമായി വാനാരൂപികൾ എന്നെ മാടിവിളിക്കുന്നു കുഞ്ഞേ! അനന്ദ

പുളകം ചാർത്തിക്കൊണ്ട്—ഞാൻ പോകട്ടെ കുഞ്ഞേ! ഞാൻ...

ജെയിം:— എൻെറ അപ്പച്ചൻ എന്നെ വിട്ടുപോയാൽ പിന്നെ...

ജസ്റ്റി:— ഇല്ല കുഞ്ഞേ! ഞാൻ ദൂരെയെങ്ങുമല്ല പോകുന്നത്. നിൻെറ നിയന്ത്രണത്തിനായി എപ്പോഴും ഞാൻ നിൻെറ സമീപത്തിൽതന്നെയുണ്ടായിരിക്കും. നീ സമാധാനമായി പോകുക.

ജെയിം:— (കണ്ണുനീരോടുകൂടി) എൻെറ പ്രിയപ്പെട്ട അപ്പച്ചൻ എന്നെ വാത്സല്യപൂർവ്വം ആശീർവ്വദിക്കുക. ഞാൻ അപ്പച്ചൻെറ നിർദ്ദേശത്തിൽനിന്നു അണുമാത്രംപോലും വ്യതിചലിക്കാതിരിക്കത്തക്കവണ്ണം എൻെറ ഹൃദയത്തെ ഉറപ്പിക്കുവാൻ!...

ജസ്റ്റി:— (സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി) മകനേ! നീ എന്നും നിൻെറ പിതാവിൻെറ അഭിമാനഭാജനമായ പുത്രനായിരിക്കും. യാതൊരു പ്രലോഭനങ്ങൾക്കും നിന്നെ അടിമയാക്കാൻ കഴിവുണ്ടാകാതിരിക്കത്തക്കവണ്ണം നീ അചഞ്ചലമനസ്കനായിരിക്കും. നിനക്ക് കരുണാവാരിധിയായ ദൈവം എല്ലാ സ്വർഗ്ഗീയ നന്മകളും പ്രദാനം ചെയ്യട്ടെ...മകനേ!

ജയിം:— അപ്പച്ചാ! എൻെറ പൊന്നപ്പച്ചാ! (കരഞ്ഞുകൊണ്ടു ജസ്റ്റിസിനെ കെട്ടിപ്പിടിക്കുന്നു) അപ്പച്ചാ! സന്തോഷമായിരിക്കുക. ഞാൻ ജീവിതത്തിലും മരണത്തിലും അപ്പച്ചൻെറ അഭിമാനഭാജനമായ മകൻതന്നെയായിരിക്കും. അപ്പച്ചാ...

പട്ടാളക്കാ:— സമയം...ഹും: സമയം അതിക്രമിച്ചിരിക്കുന്നു.

ജെയിം:— (തുടന്നു കരഞ്ഞുകൊണ്ടു) എൻെറ! അപ്പച്ചാ!

ജസ്റ്റി:— മകനേ! (ജസ്റ്റിസും മകനുംകൂടിയുള്ള വേർപാട്) മകനെ പട്ടാളക്കാർ നിർബന്ധപൂർവ്വം പറഞ്ഞയക്കുന്നു. (ജസ്റ്റിസ് മകൻ പോയവഴി നോക്കി കണ്ണുകൾ തുടക്കുന്നു.)

(ജീനും റോബർട്ടും ഓടിവരുന്നു.)

റോബർട്ട്:— അരുത്. അരുത്.

ജീൻ:— എൻെറ അങ്ങുന്നിനെ തൊട്ടുപോകരുത്. (രണ്ടുപേരും ജസ്റ്റിസിൻെറ ഇരുവശങ്ങളിലായി ചെന്നുനില്ക്കാൻ ഭാവിക്കുന്നു.)

1 പട്ടാള:— (ഗൌരവപൂൎവ്വം) തോക്ക ചൂണ്ടി. നില്ക്ക വിടെ—മിണ്ടിപ്പോകരുത്ത് റാസ്കൽസ്!

2:— ഒരടി നീങ്ങിപ്പോയാൽ നിങ്ങളുടെ കഥ കഴിക്കും.

ജീൻ:— എൻെറ പൊന്നങ്ങുന്നിനെ നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു.

1:— ഛെ. ശബ്ദിച്ചുപോകരുത്.

ജസ്റ്റി:— റോബർട്ട്, ജീൻ, നിങ്ങൾ സമാധാനമായി പോകുക. ദൈവനാമത്തിൻെറ മഹത്വത്തിനും മതവിശ്വാസ സ്ഥൈൎയ്യത്തിനുംവേണ്ടി മരിക്കാൻ ഭാഗ്യം കിട്ടിയ എന്നെ നിങ്ങൾ എന്തിനു തടയുന്നു. എന്നോടു സ്നേഹമുള്ളവർ ആരും ഈ അവസരത്തിൽ എൻെറ അഗ്രഹത്തിനു പ്രതിബന്ധമുണ്ടാക്കുകയില്ല. നിങ്ങൾ ശാന്തരായി പിന്തിരിഞ്ഞു ജെയിംസിനു തുണയായിരിക്കുക. അവൻെറ മനസ്സ് പതറാതിരിക്കുന്നതിനായി നിങ്ങൾ അവനു ധൈൎയ്യം നൽകുക.

റോബ:— എങ്കിലും അങ്ങുന്നേ...

ജസ്റ്റി:— ഇതെൻെറ ആജ്ഞയാണ്. അവസാനത്തെ അഗ്രഹവും ആണ്. റോബർട്ട് ജീൻ നിങ്ങൾ ഇരുവരേയും ദൈവം അനുഗ്രഹിക്കുവാൻ ഞാൻ പ്രത്യേകം പ്രാൎത്ഥിക്കുന്നുണ്ട്. അചഞ്ചലമായ ദൈവവിശ്വാസം നിങ്ങളെ ഉരുക്കുകോട്ടപോലെ ഉറപ്പിക്കട്ടെ പൊയ്ക്കൊൾക. അനുഗ്രഹിച്ച് ആശ്ലേഷിക്കുന്നു. (രണ്ടുപേരും കരഞ്ഞുകൊണ്ട് മനസ്സില്ലാമനസ്സോടെ പോകുന്നു.)

ജസ്റ്റി:— സ്നേഹിതരെ ഇനി നിങ്ങളുടെ കൃത്യം നിൎവ്വഹിക്കാം. ഞാനിതാ തയ്യാറായിക്കഴിഞ്ഞു.

കാരൻസാ:— പ്രഭോ ഞാൻതന്നെ ഈ കൃത്യം നിറവേററണം എന്നു വന്നതു നിർഭാഗ്യകരമായിരിക്കുന്നു. ഞങ്ങളുടെ എല്ലാം ന്യായാധിപനായ അങ്ങയെ...

ജസ്റ്റി:— അതിലൊന്നും ആലോചിക്കുവാനില്ല. കടമ നിൎവ്വഹിക്കുന്നതിൽനിന്നും ഒരു ഉദ്യോഗസ്ഥനും പിന്നോക്കം പോയിക്കൂടാ. മനസ്സലിവും ആലോചനാശീലവും പല അവസരങ്ങളിലും മൂകമായിത്തീരുന്നില്ലെങ്കിൽ ഏററവും ദുൎഘടകരമായ ഒന്നായിരിക്കും ഉദ്യോഗജീവിതം. അതിനാൽ മടിക്കേണ്ട. ആദ്യമായി നിങ്ങളുടെ കൎത്തവ്യം അനുഷ്ഠിക്കുക. അനന്തരം ആകട്ടെ ന്യായാന്യായ വിവേചനചിന്ത.

കാര:— പ്രഭോ ക്ഷമിക്കണം. അങ്ങയുടെ ക്രൂസലില്ലാത്ത ദൃഢനിശ്ചയത്തിൻെറ മുമ്പിൽ എൻെറ സർവ്വകഴിവുകളും അസ്ത മിച്ചുപോകുന്നതുപോലെ തോന്നിപ്പോകുന്നു. ഞാനെന്തു ചെയ്യട്ടെ.

ജസ്റ്റി:— കാരൻസാ! നിങ്ങളുടെ ഒക്കെ ചീഫ്ജസ്റ്റീസ് മാനേഴ്സ് ആണ് നിങ്ങളോടു സംസാരിക്കുന്നത്. നടത്തു നി ങ്ങളുടെ കൃത്യം.

കാര:— (മനസ്സില്ലാമനസ്സോടെ) ... പ്രഭോ ഒരു പക്ഷെ ഈ വിധത്തിലുള്ള കൃത്യനിർവ്വഹണങ്ങളിൽ ഇതു് അവസാനത്തേ തായിരിക്കാം...ഞാനിതാ തയ്യാറായിക്കഴിഞ്ഞു.

ജസ്റ്റി:— വളരെ സന്തോഷം ഇനി സമയം കളയരുത്. എനിക്കു പോകാറായി.

കാര:— പ്രഭോ! എവിടേക്ക്.

ജസ്റ്റി:— നിത്യഭാഗ്യത്തിൻെറ കൊട്ടുമുടിയിലേയ്ക്കു്.

കാര:— (കണ്ണുകെട്ടാൻ ഭാവിക്കുന്നു.)

ജസ്റ്റി:— വേണ്ട. എനിക്ക് ഏതുതരത്തിലുള്ള മരണവും സന്തോഷചിത്തതയോടുകൂടി വീക്ഷിക്കുന്നതിനുള്ള മനഃസ്ഥൈര്യ മുണ്ട്. അതിനാൽ എൻെറ കണ്ണുകൾ കെട്ടേണ്ടാ.

കാര:— (വിഷാദമഗ്നനായി തിരിഞ്ഞുനിന്നുകൊണ്ടു്) (ഷൂട്ട്...) കാരൻസാ ഓടിക്കളയുന്നു.

ജസ്റ്റിസ്:— ഹാ!... ദൈവമേ.

കർട്ടൻ

## രംഗം 11.

(കാലസ് പത്രം വായിച്ചിരിക്കുന്നു. മകൻ വില്യം പ്രവേശിച്ച് എന്തോ ചിലതെല്ലാം വളരെ രഹസ്യമായി സംസാരിച്ചിട്ടുപോകുന്നു. അല്പനേരം കഴിഞ്ഞു് അണിയറയിൽ ദീനരോദനം.)

1) എൻെറ ഈശ്വരാ! അയ്യോ! അയ്യോ! എന്നെ കൊ ന്നേ! ഭഗവാനേ എന്നെ കൊന്നേ! അയ്യോ! എന്നെ കൊന്നേ!

2) ഹള്ളാ അയ്യോ ഹള്ള! എൻെറ പടച്ചോനെ ഈ ഇബിലിസികള് എന്നെ കൊല്ലുന്നേ അയ്യോ! എന്നെ കൊല്ലു ന്നേ!

3) എൻെറ ദൈവമേ! എൻെറ ഈശോയെ സഹിക്കാൻ ശക്തി തരേണമെ. അയ്യോ പൊന്നെജമാനേ മതി— അയ്യോ കൊല്ലല്ലേ, യജമാനനെ . . .

(ഇതെല്ലാംകേട്ട് ആനന്ദിച്ചെന്നോണം)

കാലസ്:— ഭേഷ്! ഭേഷ് അങ്ങിനെ നരകിച്ചു നശിക്കണം ഓരോ ദൈവങ്ങളും. ഭഗവാനും ഈശോയും അല്ലാവും. ഓരോരുത്തനും ഓരോ ജാതി ദൈവങ്ങളോ! അവൻെറ ഒക്കെ പള്ളിയും അമ്പലവും മോസ്കും.. ഹ—ഹ—ഹ.

കർട്ടൻ.

## രംഗം 12.

(ജെയിംസിൻെറ ഭവനം. അയാൾ പ്രാത്ഥനാനിരതനായിരിക്കുന്നു. പാട്ടുകഴിഞ്ഞുടൻ ജിൻ പ്രവേശിച്ചു ചുമക്കുന്നു.)

ജെയിം:— (തല ഉയത്തി നോക്കുന്നു.)

ജിൻ:— വില്ല്യം കുമാരൻ ഇതാ ഇങ്ങോട്ട്...

ജെയിം:— (പെട്ടെന്നു എഴുന്നേററ്) വില്ല്യം കുമാരനോ?

ജിൻ:— അതെ കുമാരൻതന്നെ. (ജിൻ ജെയിംസിനോടു ഒന്നിച്ചു പോകുന്നു. ജെയിംസ് വില്ല്യവുമായി മടങ്ങിവരുന്നു.)
(രണ്ടുപേരും ഇരിക്കുന്നു.)

ജെയിം:— മ്? കുമാരൻ ഇപ്പോൾ ഇങ്ങോട്ട്.

വില്ല്യം:— ഞാനോ? പിതാവു മരിച്ച് ഏകാകിയായി കഴിയുന്ന സ്നേഹിതനെ സമാശ്വസിപ്പിക്കാനും കഴിയുമെങ്കിൽ സഹായിക്കാനുംവേണ്ടി . . .

ജെയിം:— സന്മനസ്സിനു വന്ദനം.

വില്ല്യം:— നിങ്ങൾ ജീവനെപ്പോലെ സ്നേഹിച്ചിരുന്ന പിതാവ് മരിച്ചതോ, പ്രാണനു തുല്യം സ്നേഹിച്ചിരുന്ന എൻെറ പ്രിയപിതാവിൻെറ ആജ്ഞപ്രകാരവും—വാസ്തവത്തിൽ എനിക്ക് എന്തെന്നില്ലാത്ത സഹതാപമുണ്ട്. ഞാൻ ആവുന്നത്ര പറഞ്ഞുനോക്കി. എന്തു ചെയ്യാം വിധി മറിച്ചായിരുന്നു.

ജെയിംഃ— പിതാവിനോടു തോന്നിയ സഹതാപത്തിനും സഹാനുഭൂതിക്കും പുത്രൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

വില്യംഃ— എനിക്കുള്ള വ്യസനം നിരാധാരനായിത്തീൎന്ന ജെയിംസിൻെറ ദുഃഖം ഓൎത്തിട്ടാണ്.

ജെയിംഃ— തൻെറ അറിവുകൂടാതെ ഒരു അണുജീവിപോലും ചലിക്കാത്ത തരത്തിൽ സൎവ്വവല്ലഭനായ ദൈവം സദാ സഹായത്തിനുള്ളപ്പോൾ ഞാൻ നിരാധാരനോ? കൂടാതെ എനിക്ക് എന്തിന് ദുഃഖം? എൻെറ പിതാവ് എനിക്ക് ജീവൻപോലെ പ്രിയനാണെങ്കിൽ അദ്ദേഹവും ഞാനും വിശ്വസിക്കുന്ന മതവും മററു സത്യങ്ങളും ഞങ്ങൾക്ക് ജീവനെക്കാൾ പ്രിയതരമാണ്. അങ്ങിനെയിരിക്കെ ആ മതത്തിനോ ഈശ്വരവിശ്വാസത്തിനോ വേണ്ടി ബലിവസ്തുവായിത്തീൎന്ന എൻെറ പിതാവിനെപ്പററി ഞാൻ ആഹ്ളാദിക്കുകയും അഭിമാനിക്കുകയും മാത്രമെ ചെയ്യുന്നുള്ളു.

വില്യംഃ— ഇനിയും നിങ്ങൾ ആ സ്വപ്നത്തിൽനിന്നു ഉണൎന്നിട്ടില്ലെന്നു തോന്നുന്നു. മതത്തിന്നുവേണ്ടി ജീവത്യാഗമോ?

ജെയിംഃ— അതേ, മതത്തിനും ദൈവത്തിനും വേണ്ടി ത്യാഗബലി. നിങ്ങളും നിങ്ങളുടെ പിതാവുമാണ് ഇനിയും സ്വപ്നത്തിൽനിന്ന് ഉണരാത്തതു്.

വില്യംഃ— മി. ജെയിംസ് നിങ്ങൾക്കു തെററിപ്പോയി. എൻെറ പിതാവിൻെറ സ്വപ്നം സ്വപ്നമല്ല. യാഥാൎത്ഥ്യം തന്നെയാണ്. യാഥാൎത്ഥ്യം.

ജെയിംഃ— നിങ്ങൾ അങ്ങിനെയാണോ വ്യാമോഹിക്കുന്നതു്. കഷ്ടം അബദ്ധത്തിൻെറ താഴ്‌വരയിലിറങ്ങി യാഥാൎത്ഥ്യം കാണാതെ കുഴങ്ങുന്ന ശുദ്ധഹൃദയൻ.

വില്യംഃ— ജെയിംസ് കുറേക്കൂടി മൎയ്യാദയായി സംസാരിക്കണം നിങ്ങൾ എന്തു പറഞ്ഞു.

ജെയിംഃ— നിങ്ങൾ സ്വപ്നലോകത്തിൽ തപ്പിത്തടയുന്ന കുരുടന്മാൎക്ക് തുല്യമാണ്. നിങ്ങളുടെ പിതാവും നിങ്ങളും വിചാരിക്കുന്നുണ്ടാവും മതവിശ്വാസങ്ങളേയും ആസ്തികരേയും ഒന്നടങ്കം വധിച്ച് മതവിശ്വാസത്തിൽനിന്നും ദൈവവിശ്വാസത്തിൽ നിന്നും വിമുക്തമായ ഒരു ലോകത്തെ കെട്ടിപ്പടുക്കാമെന്നു. അവിടെയാണ് നിങ്ങൾക്ക് തെററിയതു്.

വില്യം:— സർവ്വാധിപതിയും അധികാരശക്തികേന്ദ്രവും ചങ്കുറപ്പുള്ള ഭരണനിപുണനുമായ എൻെറ പിതാവിന്ന് ഈ ക്ഷുദ്രജീവികളെ നാമാവിശേഷമാക്കാൻ സാദ്ധ്യമല്ലെന്നോ?

ജെയിം:— അതെ അതുകൊണ്ട് തന്നെ ഒരു മതവിശ്വാസിക്കു പകരം നൂറു മതവിശ്വാസിയും ഒരു അസ്തികനു പകരം നൂറ് അസ്തികനും അതേരക്തത്തിൽനിന്നു തന്നെ മുളയെടുക്കും, എന്നുള്ള പരാമാർത്ഥത്തിൻെറ മുമ്പിൽ നിങ്ങളുടെ ആയുധശക്തിയും സൈന്യശേഖരങ്ങളും അസ്തമിച്ചു നിന്നുപോകും.

വില്യം:— അതൊന്നു പരിശോധിച്ചറിയുവാനാണ് എൻെറ പിതാവിൻെറ സുശക്തമായ ഉദ്യമം.

ജെയിം:- അതിൽ സർവ്വാംഗവും തളർന്ന് അദ്ദേഹം പശ്ചാത്തപിക്കുന്ന നിമിഷം അത്ര വിദൂരതയിലാണെന്നു ഞാൻ വിചാരിക്കുന്നില്ല.

വില്യം:— അതൊക്കെ നാം അനുഭവത്തിൽ കണ്ടറിയുവാൻ പോകുന്ന കാര്യങ്ങൾ ആണല്ലോ. ഒരു ആത്മാർത്ഥ സുഹൃത്ത് എന്ന നിലയിൽ ചില കാര്യങ്ങൾ നിങ്ങളോടു പറയുവാനാണ്, ഞാൻ ഇപ്പോൾ ഇങ്ങോട്ടു വന്നത്. ഞാൻ അച്ചനോടു നിങ്ങൾക്കുവേണ്ടിയും വളരെയധികം ശുപാർശചെയ്തു.

ജെയിം:— എനിക്കുവേണ്ടിയോ? വളരെ ഉപകാരം. പക്ഷെ മതവും ദൈവവും എന്ന രണ്ടുപാധികൾ ഒഴിച്ച് മറെറന്ത് കാര്യങ്ങളെക്കുറിച്ചുവേണമെങ്കിലും നിങ്ങൾക്ക് ശുപാർശ ചെയ്യാം. നമുക്കു സംസാരിക്കുകയും ചെയ്യാം.

വില്യം:— ഇത് നിങ്ങളുടെ പിതാവിൻെറ ശാഠ്യംപോലെതന്നെ നിർഭാഗ്യകരമായിരിക്കുന്നു.

ജെയിം:— അല്ല ഭാഗ്യകരം. ഒരു പുത്രൻ എപ്പോഴും അവൻെറ പിതാവിന്ന് തുല്യനായിരിക്കയാണല്ലോ വേണ്ടത്. അപ്പോൾ ഞാൻ എൻെറ പിതാവിൻെറ പുത്രൻ തന്നെയായി കാണുവാനാണ് അദ്ദേഹവും ഞാനും അഗ്രഹിക്കുന്നത്.

വില്യം:— ജെയിംസ് മക്കുടമുഷ്ടി എന്തെന്ത് ആപത്തുകൾക്ക് വഴിതെളിക്കുമെന്ന് ആലോചിക്കാതെ സംസാരിക്കുന്നു?

ജെയിം:— ഞാൻ പറഞ്ഞല്ലോ നിങ്ങളെൻെറ ഉത്തമസുഹൃത്താണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിൽ......

വില്യം:— തീർച്ചയായും അതുകൊണ്ടുതന്നെയാണല്ലോ ഞാനിത്ര തിടുക്കത്തിൽ ഇങ്ങോട്ടു വന്നതുതന്നെ.

ജെയിം:— എങ്കിൽ നിങ്ങൾ മേല്പറഞ്ഞ കാര്യങ്ങൾക്കു വേണ്ടി എന്നെ നിർബന്ധിക്കുന്നതു് എനിക്കു് ഹിതകരമല്ല എന്നു മനസ്സിലാക്കി പിന്മാറാൻ അപേക്ഷ.

വില്യം:— അപ്പോൾ നിങ്ങൾ നിങ്ങളുടെ നിർബന്ധബുദ്ധി കൈവെടിയുകയില്ലന്നോ?

ജെയിം:— എനിക്കൊരു നിർബന്ധബുദ്ധിയുമില്ല, മതവും ദൈവവിശ്വാസവും എനിക്കെന്റെ രക്തത്തിലും മാംസത്തിലും മജ്ജയിലും ദൃഢമൂലമായി ചേർന്നിരിക്കുന്ന സത്തകളാണ്. അവയിൽ കൈവയ്ക്കുന്ന ആരും എന്റെ ശത്രുക്കളായിരിക്കും നിശ്ചയം.

വില്യം:— കഷ്ടം നിങ്ങളുടെ ശവക്കുഴി നിങ്ങൾ തന്നെ തോണ്ടുന്നു.

ജെയിം:— ഒരിക്കലുമില്ല. മററുള്ളവരെ പെടുത്തുവാനുള്ള കുഴി നിങ്ങൾ തോണ്ടുന്നു. പക്ഷെ ആ കുഴിയിൽ നിങ്ങളാണു പെടുന്നതെന്നു് മാത്രം.

വില്യം:— അപ്പോൾ നിങ്ങൾ മതത്തിലും ദൈവവിശ്വാസത്തിലും തന്നെ ഉറച്ചുനില്ക്കുവാൻ തീരുമാനിച്ചു അല്ലേ?

ജെയിം:— അതെ.

വില്യം:— അവ ഉപേക്ഷിക്കുന്നതുകൊണ്ടു് നിങ്ങൾക്ക് അസൂയാർഹമായ അഭിവൃദ്ധികൾ പലതും ഉണ്ടാകുമെങ്കിലോ?

ജെയിം:— മെക്സിക്കോയിലെ ന്യായാധിപപ്രമുഖന്റെ സ്ഥാനത്തെ നിരുപാധികമായി വലിച്ചെറിഞ്ഞ എന്റെ പിതാവിന്റെ കാര്യം ആലോചിക്കുമ്പോൾ ആ ചോദ്യത്തിനു തന്നെ ഇവിടെ പ്രസക്തിയില്ല.

വില്യം:— അവസാനമായി എനിക്ക് ഒന്നേ അറിയാനുള്ളു. എന്റെ പ്രിയ പിതാവും മെക്സിക്കോയുടെ അപ്രതിഷേധ്യ ഭരണാധിപതിയുമായ കാലസട്ടേഹത്തിന്റെ അതികശ്നമായ ആജ്ഞക്ക് കീഴ്‌വഴങ്ങി നിങ്ങളുടെ മതത്തേയും ദൈവവിശ്വാസത്തേയും പരിത്യജിക്കുവാൻ തയ്യാറാണോ എന്നുമാത്രം.

ജെയിം:— എന്റെ പരിപാവനമായ മതവിശ്വാസത്തിനും ദൈവാസ്തിക്യബോധത്തിനുംവേണ്ടി മരിക്കാൻ തയ്യാറാണെന്നു മാത്രമെ എനിക്കതിന്നു് മറുപടി പറയാനുള്ളു.

വില്യം:— തീർച്ചയാണോ?

ജെയിം:— അതെ, ആയിരം പ്രാവശ്യം.

വില്യം:— എന്നാൽ ഇതാ നോക്കു. (ഒരു കടലാസ്സു ചുരുൾ എടുത്തു നിവർത്തിക്കൊടുത്തിട്ട്) ഇതു് നിങ്ങളുടെ വിധിവാചകമാണ്. വായിച്ചുനോക്കു. നിങ്ങൾ ഈ ദുശ്ശാഠ്യങ്ങൾ നിർത്തി മതത്തേയും ദൈവത്തേയും ഉപേക്ഷിക്കുന്നപക്ഷം നിങ്ങൾക്ക് സകല ലൌകികഭാഗ്യങ്ങളും വാഗ്ദാനം ചെയ്യുന്നു.

ജെയിം— മറിച്ചായാൽ സകല സ്വർഗ്ഗസൌഭാഗ്യങ്ങളും.

വില്യം:— ജെയിംസ് നിറുത്തു നിങ്ങളുടെ കുട്ടിക്കളി. ബാലിശമായ ദുശ്ശാഠ്യങ്ങൾ അവസാനിപ്പിച്ച് കാര്യങ്ങളിലേക്ക് പ്രവേശിക്കു

ജെയിം:— വില്യം, ഞാൻ ഇതേവരെ പറഞ്ഞതെല്ലാം തന്നെ കാതലായ കാര്യങ്ങൾ മാത്രമാണ്. ഇതിൽ കൂടുതൽ എനിക്കൊന്നും പറയാനില്ല.

വില്യം:— അപ്പോൾ തീരുമാനിച്ചുകഴിഞ്ഞു അല്ലേ.

ജെയിം:— അതെ തീർച്ചയായും തീരുമാനിച്ചുകഴിഞ്ഞു.

വില്യം:— ശരി. (പുറകോട്ടു നോക്കി) ആരവിടെ? (രണ്ടു പട്ടാളക്കാർ കടന്നുവന്ന്) ബന്ധിക്കു ഇയ്യാളെ. (പട്ടാളക്കാർ ജെയിംസിനെ ബന്ധിക്കാൻ ശ്രമിക്കുന്നു. റോബർട്ടും ജീനും ഉഗ്രസ്വരത്തിൽ തടസ്സം പറഞ്ഞുകൊണ്ട് പ്രവേശിക്കുന്നു.)

റോബ:— തൊട്ടുപോകരുത് എൻെറ കൊച്ചുങ്ങുന്നിനെ!

ജീൻ:— ഇവിടെവച്ചു ബന്ധിക്കാനോ?

വില്യം:— (പട്ടാളക്കാരോട്) ബന്ധിക്കു ഇവരേയും. ഉം. വേഗം.

റോബ:— അതെ അതാണ് നല്ലതു്. ബന്ധിക്കു ഞങ്ങളേയും.

ജീൻ:— ദൈവത്തിനും മതവിശ്വാസത്തിനുംവേണ്ടി കൊന്നുകളയൂ ഞങ്ങളേയും. (ബന്ധിച്ചുകൊണ്ടുപോകുന്നു.)

കർട്ടൻ.

## രംഗം 13.

(ജെയിംസു ബന്ധിതനായി നടുവിൽ നില്ക്കുന്നു. ഒരു ചെറിയ പ്രാൎത്ഥന.)

കാരുണ്യവാനായ ദൈവമേ! നിന്നെ വിശ്വസിക്കുന്നവനും നിൻെറ പാവനമതങ്ങളെ അനുസരണയോടെ പിന്തുടരുന്നവനുമായി ലോകമൊട്ടുക്കമുള്ള നിരവധി ജനങ്ങളുടെ അചഞ്ചലസ്ഥിരതയ്ക്കും, ഉത്തമവിശ്വസ്തതയ്ക്കുംവേണ്ടി എൻെറ പിതാവ് കാണിച്ചുതന്ന മാതൃകക്ക് ഒത്തവണ്ണം ഞാനിതാ എൻെറ പ്രാണനെ നിൻെറ പാദാന്തികത്തിൽ കാണിക്ക സമൎപ്പിച്ചുകൊള്ളുന്നു. (ഒരു പാട്ട്) (ഒരുവൻ കണ്ണുകെട്ടാൻ ശ്രമിക്കുന്നു.)

ജെയിം:- സഹോദരാ എന്തിന് നിങ്ങളെൻെറ കണ്ണ് കെട്ടുന്നു. എനിക്ക് യാതൊരു ഭയപ്പാടുമില്ലാത്ത ഈ ത്യാഗബലിയുടെ പീഡാസഹനത്തിൽ ഞാൻ എന്തിന് കണ്ണടക്കണം? അകരു എൻെറ ഹൃദയത്തിൽതന്നെ കടക്കുന്നുണ്ടോ എന്നു ഞാനൊന്നു കണ്ടുകൊള്ളട്ടെ.

പട്ടാ:- വെടിവെക്കുന്നതിനുമുമ്പ് കണ്ണുകെട്ടണമെന്നാണ് നിയമം.

ജെയിം:- വാസ്തവം. പക്ഷേ സഹോദരാ മരണത്തിൽ ഭീരുവായവൎക്കുവേണ്ടി മാത്രമുള്ളതാണ് ആ നിയമം. അതിനാൽ കണ്ണുകെട്ടാതെതന്നെ നിറയൊഴിച്ചുകൊള്ളുക.

പട്ടാ:- എസ്. ആൾ റയിററു (രണ്ടുപേർ തോക്കു ചൂണ്ടിനില്ക്കുന്നു. ഒരാൾ ലക്ഷ്യം മാറിയാണ് ഉന്നംപിടിക്കുന്നതെന്ന് തോന്നുകയാൽ)

ജെയിം:- സഹോദരാ! ആ തോക്കിൻെറ ലക്ഷ്യം അല്പം നീങ്ങിയിട്ടുണ്ടെന്ന് തോന്നുന്നുവല്ലോ? കൂടുതൽ വെടികൾ വെക്കാൻ നിങ്ങൾ ബദ്ധപ്പെടാതിരിക്കാൻവേണ്ടി ഇതാ ശരിയായ ലക്ഷ്യം നോക്കിക്കൊള്ളുക. (മാൎവിടം കാണിച്ചുകൊടുക്കുന്നു.) (പട്ടാളക്കാർ വീണ്ടും തോക്കു ചൂണ്ടി.)

ജെയിം:- കൊള്ളാം. ഇനി നടക്കട്ടെ. ദൈവമഹത്വത്തിനുവേണ്ടി ഞാൻ മരിക്കുന്നു.

പട്ടാ:- ഷൂട്ട (വെടിതീരുന്നു. വീഴുന്നു.)

മററു രണ്ടുപേരെയും അപ്രകാരംതന്നെ വെടിവെക്കുന്നു.

(കർട്ടൻ)

## രംഗം 14.

(കാലസിൻെറ കൊട്ടാരം. കാലസ് കട്ടിലിൽ കിടക്കുന്നു. ഒന്നുരണ്ടു സേവകന്മാർ പരിചരിക്കുന്നു. ഡോക്ടർ കടന്നു പരിശോധിക്കുന്നു.)

ഡോക്ടർ:— (വില്യമിനെ വിളിച്ചു) ഭയപ്പെടരുത്. രോഗം കുഷ്ഠമാണ് സൂക്ഷിക്കണം.

വില്യം:— എന്ത് കുഷ്ഠമോ? (വില്യം ഒരു ഭ്രാന്തനെന്നോണം കാണപ്പെടുന്നു.)

വില്യം:— കുഷ്ഠമോ? എൻെറ ... പിതാവിന്... കുഷ്ഠമോ? അമേരിക്കയുടെ അനിഷേധ്യ ഭരണാധിപന് കുഷ്ഠമോ?

ഡോക്ടർ:— അതേ കുഷ്ഠംതന്നെ.

വില്യം:— അയ്യോ! മതത്തെതന്നെ മരവിപ്പിക്കാൻ ശ്രമിച്ചതിൻെറ ഫലം ദൈവത്തെ വേട്ടയാടിയതിൻെറ ദുരന്തഫലം... ഹാ കുഷ്ഠം ഒന്നല്ല...പത്തല്ല...ആയിരമല്ല...ലക്ഷക്കണക്കിനു ജീവഹാനി വരുത്തിയതിന്...നദിപോലെ രക്തം ചൊരിഞ്ഞതിന്...കുഷ്ഠം...അയ്യോ കുഷ്ഠം...അതെ...ഞാനും...രോഗിയാകും...അയ്യോ...ഹ!കുഷ്ഠരോഗി...ഇല്ല...ഇതിന്...ഞാനില്ല... എനിക്കു ദൈവം വേണം...എനിക്കു ദൈവം വേണം.

(കാലസിനെ സമീപിച്ച്) എനിക്കു ദൈവം വേണം. ദൈവം വേണം. ദൈ...വം...വേണം... (ഓടിപ്പോയി.)

കർട്ടൻ.

## രംഗം 15.

(രാത്രിസമയം- കാലസിൻെറ ഉറക്കറ. അയാൾ നദ്രാരഹിതനായി തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. പെട്ടെന്ന് ചാടി ഉണരുന്നു...)

അതാ—അതാ—രക്തം. തലയോട്ടുകൾ! അതാ—അസ്ഥിപഞ്ജരങ്ങൾ! അയ്യോ! എന്തൊരു ഭയങ്കരത. അയ്യോ! പിശാചുക്കൾ! ഹാ! അവരെന്നെ പിടിയ്ക്കാൻ വരുന്നു. ഇവരെന്നെ കൊല്ലും. അയ്യോ! കൊല്ലും ...വിട്ടു ... വിടു. എന്നെ വിടൂ ... ഹാ ... (ഓടി ഭൃത്യനെ സമീപിച്ച് അവനെ കെട്ടിപ്പിടിയ്ക്കാൻ

ഭാവിക്കുന്നു. അവൻ ഓടിക്കളയുന്നു . . . അല്പം കഴിഞ്ഞു . . . ഒരുശരരിപോലെ . . .) കാലസ്സ്! കാലസ്സ് ഇപ്പോൾ ആരു്? നിന്റെ പ്രതാപങ്ങൾ എല്ലാം എവിടെ? അനുനിമിഷമുള്ള നിന്റെ ആജ്ഞകൾക്കായി കാത്തുകിടന്നിരുന്ന നിന്റെ കിങ്കരന്മാരൊക്കെ ഇപ്പോൾ എവിടെ? നിന്റെ രാജകീയപ്രതാപങ്ങളെ പാടിപ്പുകഴ്ത്തിയിരുന്ന അന്നത്തെ ആ വൈതാളിക വൃന്ദങ്ങളൊക്കെ ഇപ്പോൾ എവിടെപ്പോയി ഒളിച്ചിരിക്കുന്നു. ദൈവത്തിനും മതത്തിനും ഉപരിയായി രാഷ്ട്രത്തേയും അതിന്റെ ലൗകികപ്രാഭവങ്ങളേയും വിലമതിച്ച നിന്നെ ലോകംതന്നെ ത്യാജ്യകോടിയിൽ തള്ളിക്കളഞ്ഞിരിക്കുന്നു. അതേ ലോകത്തിൽ ആക്കംതന്നെ നിന്നെ വേണ്ടാതായിത്തീർന്നിരിക്കുന്നു . . . അയ്യോ! മതത്തിലും ദൈവത്തിലും വിശ്വസിച്ചിരുന്ന ഒട്ടനവധിപേരുടെ ഗളച്ഛേദത്തിനു വിധിയെഴുതിത്തഴമ്പിച്ച നിന്റെ കരങ്ങൾ കുഷ്ഠത്തിന്റെ കഠോരതയിൽ രക്തംവാർന്നു് വരണ്ടുണങ്ങി മുറിഞ്ഞു് അറപ്പും വെറുപ്പും തോന്നിക്കുന്നതായി പരിണമിച്ചിരിക്കുന്നു. സഹസ്രക്കണക്കിനു മനുഷ്യജീവിതങ്ങളെ ആഹുതിചെയ്ത നിന്റെ കൊലക്കളം നിന്നെത്തന്നെ ഗ്രസിക്കുവാനായി ഇതാ വാപിളക്കുന്നു . . . ഉത്തമമിത്രങ്ങളെക്കൂടെയും കൊന്നൊടുക്കുവാൻ മടിക്കാത്ത നിന്റെ വികൃതമായ ദുരധികാരപ്രമത്തത നിന്റെ തന്നെ ജീവനാശത്തിനു വഴിതെളിക്കുന്നെങ്കിൽ അതാണു് നീ അർഹിക്കുന്ന യഥാർത്ഥശിക്ഷാവിധി. ദുഷ്ടാ! നിന്റെ ദുഷ്ടതയുടെ ദുരന്തഫലം നീ അനുഭവിച്ചുതന്നെ അവസാനിക്കും. നിന്റെ അവസാനത്തുള്ളിരക്തവും കട്ടപിടിച്ചു് നീ ദുരന്തദുരിതം അനുഭവിക്കണം. നിന്റെ സകലമാന അധർമ്മകർമ്മങ്ങളുംകൂടി ആളിക്കത്തിച്ച നിത്യനാശത്തിന്റെ അവസാനിക്കാത്ത തീയിൽ വെന്തു നീറിനീറി നീ നരകിക്കണം. അതെ, നീ നശിച്ചുതന്നെ തീരണം... കാലസ്സ്! കാളുന്ന കാട്ടുതീയെപ്പോലെ ലോകമാസകലം നിന്നെ ഭയപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. മനുഷ്യരാശിക്കു മുഴുവൻ ഭീതി വളർത്തിക്കൊണ്ടു് വെള്ളിടിപോലെ അന്നു നീ നാട്ടിന്റെ നാനാഭാഗത്തും സംഹാരരുദ്രനായി സഞ്ചരിച്ചിരുന്നു. എന്നാൽ, ഇന്നത്തെ നിന്റെ അവസ്ഥയോ? അതിവിശാലമായ ഈ ലോകത്തിൽ നീ കേവലം ഏകൻ. നിരാധാരൻ. അന്നത്തെ നിന്റെ പരിചാരകരും കിങ്കരന്മാരും ഇന്നു നിന്നെ കണ്ടഭാവം പോലും നടിക്കാത്തതായിത്തീർന്നിരിക്കുന്നു. സമസ്തജനതതിക്കും അ

പരിഹാസ്യനായി, ലോകത്തിനും നിനക്കുതന്നെയും ഭാരമായി മനുഷ്യരാശി മുഴുവൻ അറയ്ക്കുകയും വെറുക്കുകയും ചെയ്യുമാറ് കുഷ്ഠരോഗിയായി, തെരുവുതെണ്ടുന്ന പരിതാപകരമായ സ്ഥിതിയിലേക്ക് നീ സ്വയം വഴുതി ഇറങ്ങിയിരിക്കുന്നു. നിനക്കു ദാഹിച്ചു നാക്കു വരണ്ടാൽ ഒരു തുള്ളിവെള്ളം ഇററിച്ചുതരാൻ, മരിക്കാറായ നിൻെറ കണ്ണുകൾ തിരുമ്മിഅടയ്ക്കാൻ, നിന്നോട്ട് കാരുണ്യത്തിൻെറ, പരസ്നേഹത്തിൻെറ, കണികയെങ്കിലും കാണിക്കാൻ, ലോകത്തിൽ ഇന്നു യാതൊരു ജീവിയും ഇല്ലെന്നുവന്നിരിക്കുന്നു. കാലസ്സ്! അഹോ! പ്രതാപവാനായ, മഹാ പ്രഗത്ഭമതിയായ, പ്രാഭവത്തിൻെറ വിജയവൈജയന്തി പാറിച്ച അമേരിക്കൻ സ്വേച്ഛാധിപതിയായ കാലസ്സ്!—നോക്കൂ, നോക്കൂ നിൻെറ അവസാനനിമിഷങ്ങൾ! ഇങ്ങനെതന്നെ ഒരായിരം ദുരനുഭവങ്ങൾകൊണ്ടും പാഠം പഠിക്കാൻ ഭാവമില്ലാത്ത ഇന്നത്തെ ലോകത്തിനു മനക്കലക്കമുണ്ടാക്കുന്ന ഒരു ചിന്താവിഷയമായി നീയങ്ങനെ നരകിക്കണം . . . (കുറേ സമയത്തേക്കു ചിന്താവ്യഗ്രനായിരിക്കുന്നു.) അയ്യോ! കഷ്ടം! ഞാനെൻെറ സഹജീവികളായ ലക്ഷക്കണക്കിനു മനുഷ്യജീവികളെ ദൈവവിശ്വാസവും മതവിശ്വാസവും ഉണ്ടെന്നുള്ള ഒരൊറ്റക്കാരണത്തിൻമേൽ നിഷ്കരുണം കുരുതി കഴിക്കാൻ മടിച്ചില്ല. ചിന്താശക്തിയും ധർമ്മബോധവും, മരവിച്ചുപോയ എൻെറ ഹൃദയത്തിൽനിന്നുപോലും നാമ്പെടുത്തെങ്കിലും ഞാൻ അവയൊക്കെ അഗണ്യമാക്കി ചവിട്ടിമെതിച്ചുകളഞ്ഞു. അങ്ങനെ, ലോകവും, മനുഷ്യരും നിർദ്ദയമായി ബഹിഷ്കരിച്ച എനിക്ക് കാരുണ്യവാനെന്നു കരുതപ്പെടുന്ന ദൈവംപോലും അഭയം തരാൻ മടിക്കുയില്ലെന്ന് ആരറിഞ്ഞു? . . . എന്നാൽ, പെരുംകള്ളനും, പടുപാപിക്കുംവേണ്ടി ഹൃദയരക്തത്തിൻെറ അവസാനത്തെ തുള്ളിവരെയും ചിന്തുവാൻ മടിക്കാത്ത ആ കരുണാസാഗരമായ ദൈവം എന്നെ കൈവിടുകയില്ലെന്ന ഉറപ്പുള്ള ശരണം എനിക്കു ആത്മശക്തി പ്രദാനം ചെയ്യുമ്പോൾ ഞാനെന്തിന് ആ ദയാനികേതത്തിൽനിന്ന് ഓടി അകലണം? കടൽപോലെ കാരുണ്യം അലയടിച്ചുയരുന്ന ജഗന്നിയന്താവായ ദൈവമേ! നികൃഷ്ട പാപങ്ങളാകുന്ന ദുഷ്ടക്കഴുകൻെറ വായിൽനിന്നും എൻെറ ഗതികെട്ട ആത്മാവാകുന്ന മാടപ്പിറാവിനെ രക്ഷപ്പെടുത്തുവാൻ സന്മനസ്സുണ്ടാകേണമെ! പാപത്തിൻെറ ഭയാനകതയാൽ ശിക്ഷപെട്ടുപോകുമാറായിരിക്കുന്ന ഈ ഏഴ അങ്ങേ ദീനരക്ഷണതല്പരതയുടെ

കവാടത്തിൽ മുട്ടിവിളിക്കുവാൻ ധൈര്യപ്പെടുകയാണ്. ശാന്തിയുടെ പൊൻവിളക്കായ അവിടുന്ന് നിരാശാതിമിരത്താൽ കണ്ണറിയാതെ കേണുഴലുന്ന ഈ മഹാപാപിയെ നിത്യതയുടെ വെളിച്ചത്തിലേയ്ക്ക് കൈതന്നു പ്രവേശിപ്പിക്കണമേ! ഹാ! ദൈവമേ! എൻെറ ദൈവമേ! ഞാൻ അങ്ങേ നാമം ആദ്യമായും അവസാനമായും ഹൃദയം കുളിക്കുമാറ് വിളിച്ചുകൊണ്ട് എൻെറ അന്ത്യശ്വാസം വിട്ടുകൊള്ളാം. എനിക്കു ഭാഗ്യം! മഹാ ഭാഗ്യം! കൈവിട്ടുപോയ എൻെറ നല്ല ദൈവത്തെ എനിക്കു ഇന്നിതാ തിരിച്ചു കിട്ടിയിരിക്കുന്നു. ഞാൻ അനുഗ്രഹിതനായി. എൻെറ ഹൃദയം ആനന്ദക്കടലിൽ ആണ്ടടിയുന്നു. ഹാ! ആനന്ദം! ആനന്ദം! ഹാ! പരമാനന്ദം! ഞാൻ എൻെറ ദൈവത്തിൽ വിശ്വസിയ്ക്കും. ദൈവത്തിൽ ആശ്വസിയ്ക്കും. ദൈവത്തിൽ ആവസിയ്ക്കും. ഹാ! ദൈവംതന്നെ എൻെറ സകലവും. ഹാ! ദൈവമേ! ദൈവമേ! എനിയ്ക്കു . . . നീമാത്രം . . . മതി . . . എൻെറ . . . ദൈ . . . വ . . . മേ! . . . . (മൂർച്ഛിച്ചുവീഴുന്നു.)

കർട്ടൻ.

## രംഗം 16.

(ജസ്റ്റിസിനേയും, ജെയിംസിനേയും അടക്കിയ സ്ഥലം! കല്ലറകൾ. അതിനു സമീപം വില്യവും, കാരൻസായും ഭക്തിപരവശരായി പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്നു. സ്വർഗ്ഗദൂതന്മാർ ഗാനാലാപം ചെയ്യുന്നതുപോലെ മനോഹരമായ ഒരു ഗാനം ദിഗന്തങ്ങളിൽ മുഴങ്ങുന്നു.)

വില്യം:— കാരൻസാ! അതാ! വാനാത്മപികളുടെ ആനന്ദഗാനം അന്തരിക്ഷത്തിൽ അലയടിച്ചുയരുന്നു. ഹാ! എത്ര കർണ്ണാനന്ദകരമായിരിക്കുന്നു.

കാരൻ:— അതെ, അങ്ങുന്നെ. ഹൃദയത്തിൽ പുളകം കൊള്ളിക്കുന്ന ആനന്ദകരമായ ഗാനം. അവർക്കുള്ള ആ അസൂയാർഹമായ ഭാഗ്യത്തിനുണ്ടോ നാം അവകാശികളാകാൻ പോകുന്നു?

വില്യം:— എന്തുകൊണ്ട് അവകാശികളായിക്കൂടാ കാരൻസാ! ഹൃദയനൈർമ്മല്യമുള്ള ഏതൊരു മനുഷ്യനും പ്രാപിച്ചുകൂടാത്തതല്ല അസുലഭമെന്നു നാം വിചാരിക്കുന്ന ആ മോക്ഷസൗഭാഗ്യം.

കാരൻ:— അതല്ലങ്ങുന്നേ! നാം എത്രമാത്രം ദ്രോഹ

കൃത്യങ്ങൾ, ദൈവത്തിനും മതത്തിനും എതിരായി പ്രവർത്തിച്ച മൂട്ടാളന്മാരായിരുന്നു. ആ നമ്മോടാണോ . . . ?

വില്യം:— കാരൻസ്, പിതാവേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ! എന്ന് തൻെറ മരണനേരത്തിൽ, തൻെറ പീഡനത്തിനു കാരണക്കാരായവർക്കുവേണ്ടി നിത്യപിതാവിനെ പ്രാർത്ഥിച്ച ദൈവകുമാരൻ നമ്മേക്കാൾ ഭയങ്കരപാപികളേയും രക്ഷിക്കാൻവേണ്ടിയല്ലേ, അ ദുരിതങ്ങളെല്ലാം സഹനബലിയായി സമർപ്പിച്ചതെന്നോർക്കുമ്പോൾ ഈ വിധ ശങ്കക്കൊന്നും കാരണമില്ല. അവിടുന്നു നമുക്കുംവേണ്ടി ക്കൂടെയാണ് കുരിശുമരത്തിൽ വിജയപതാക പാറിപ്പറപ്പിച്ചത്. അപ്പോഴോ?

കാരൻ:— എങ്കിൽ നാം ഭാഗ്യവാന്മാരായി . . . (പഴയ സംഗീതധ്വനി കൂടുതൽ ശ്രവണഗോചരമാകുന്നു. പെട്ടെന്ന്—)

വില്യം:— കാരൻസ് . . . അതാ! ജസ്റ്റിസ് മാനേഴ്സും ജയിംസും. രക്തസാക്ഷിമകുടവും വിജയമാല്യവും ചൂടി, പ്രഭാപരിവേഷത്തിനുള്ളിൽ . . . അതാ . . . അവർ നമ്മെ നോക്കി പുഞ്ചിരിക്കുന്നു.

കാരൻ:— (നോക്കി) ഹാ! . . . അവരുടെ ശോഭ! കണ്ണഞ്ചിപ്പോകുന്നല്ലോ. അതാ വെണ്മത്തുപോലെ മനോഹരമായ ഉടുപ്പുകളാണല്ലോ അണിഞ്ഞിരിക്കുന്നതും . . .

വില്യം:— അതെ, രക്തസാക്ഷികൾക്കു സ്വർഗ്ഗത്തിൽ കിട്ടുന്ന മഹോന്നതഭാഗ്യം അതാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്താൻ. ഹാ! ആ മോക്ഷമുടിക്കുള്ള ഭാഗ്യം നമുക്കും ലഭിച്ചിരുന്നെങ്കിൽ ?

കാരൻ:— അതെ—അങ്ങുന്നേ! നമുക്കും ആ ഭാഗ്യത്തിനായി പരിശ്രമിക്കണം. ദൈവത്തിനും മതത്തിനുംവേണ്ടി, വേണ്ടിവന്നാൽ ജീവൻ ബലി കഴിക്കാനും. അങ്ങനെ ലോകത്തിൽ "ത്യാഗബലി"യുടെ വിലയുയർത്താനും നമുക്കു കഴിയണം.

വില്യം:— അതെ—നാം യഥാർത്ഥ ദൈവവിശ്വാസികളായി, മതനിഷ്ഠയുള്ളവരായി, ലോകത്തിനുതന്നെ, വഴികാട്ടികളായി വളർന്നുവരണം. അങ്ങനെ, നാം ഓരോരുത്തരും ഓരോ "ത്യാഗബലി"കളായിത്തീരണം. അതിനുവേണ്ട ദൈവാനുഗ്രഹം ലഭിക്കുന്നതിനായി നമുക്കു മുട്ടിപ്പായി പ്രാർത്ഥിക്കാം...

(രണ്ടുപേരുംചേർന്നു പാടുന്നു.)

കർട്ടൻ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00002873*
T62 M31

T62
M31